# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P5/1357/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 15/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P5/1357/2021 തീയ്യതി: 15/07/2022

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 17-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 17-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.മഞ്ജുളാസാഗർ,അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.പത്മകുമാരി.എൽ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിഷ്ണുപ്രിയ.കെ,ഓഡിറ്റർ
ശ്രീമതി.അമല സെർമിയസ്,ഓഡിറ്റർ
ശ്രീമതി.ഹർഷ.എൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അംബിക കുമാരി.പി | പ്രസിഡന്റ് | 01-04-2020 | 17-12-2020 |
| ശ്രീമതി.സിന്ധു.കെ, അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 18-12-2020 | 29-12-2020 |
| ശ്രീമതി.സുദീപ.എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.നസീമ.വി.എഫ് | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.ബാബുരാജ്.എ | സെക്രട്ടറി | 01-06-2020 | 14-06-2020 |
| ശ്രീ.ബിജു.എസ് | സെക്രട്ടറി | 15-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നസീമ.വി.എഫ് | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.ബാബുരാജ്.എ | സെക്രട്ടറി | 01-06-2020 | 14-06-2020 |
| ശ്രീ.ബിജു.എസ്സ് | സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.ആർ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ്.ആർ.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 08-07-2020 |
| ശ്രീമതി.ഇന്ദു.എസ്സ്.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-07-2020 | 31-03-2021 |
| ശ്രീ.വിജയ് ദിവാകർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈലജ.എസ്സ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 03-11-2020 |
| ശ്രീമതി.സരോജം.ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ഡോ.സുരേഷ്കുമാർ.എസ്സ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2020 | 24-01-2021 |
| ഡോ.പ്രശാന്ത് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 25-01-2021 | 31-03-2021 |
| ഡോ.ഉണ്ണികൃഷ്ണൻ.ജി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 03-06-2020 |
| ഡോ.പി.ഷൈല | മെഡിക്കൽ ഓഫീസർ ഹോമിയോ | 04-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ജോണി.ജെ.ബോസ്കോ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുജിത രാമചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2020 | 07-02-2021 |
| ശ്രീമതി.മഞ്ജു.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 08-02-2021 | 31-03-2021 |
| ശ്രീ.ചാരുതാർത്ഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രതീക്ഷ സത്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ3 | 01-04-2020 | 31-03-2021 |
| ഡോ.പി.വി.അരുണോദയ | വെറ്ററിനറി സർജൻ | 01-04-2020 | 25-05-2020 |
| ഡോ.എസ്.ഷീജ | വെറ്ററിനറി സർജൻ | 26-05-2020 | 27-08-2020 |
| ഡോ.ആർ.തങ്കമണി | വെറ്ററിനറി സർജൻ | 27-08-2020 | 03-09-2020 |
| ഡോ.ശ്യാം സുന്ദർ | വെറ്ററിനറി സർജൻ (ഇൻ ചാർജ്) | 04-09-2020 | 09-11-2020 |
| ഡോ.ഷമീമ | വെറ്ററിനറി സർജൻ (ഇൻ ചാർജ്) | 09-11-2020 | 28-12-2020 |
| ഡോ.ആർ.തങ്കമണി | വെറ്ററിനറി സർജൻ | 28-12-2020 | 21-01-2021 |
| ഡോ.സന്തോഷ്.എസ് | വെറ്ററിനറി സർജൻ | 21-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-7 |
| 10 | തൊഴിൽരഹിത വേതന പദ്ധതി - അപാകതകൾ<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-7-1 |
| 11 | മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു.<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-7-2 |
| 12 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി.<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-7-3 |
| 13 | പെൻഷണറുടെ മരണശേഷം പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു. തിരിച്ചടവ് ഉറപ്പാക്കണം.<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-7-4 |
| 14 | ക്യാഷ് പരിശോധന<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | |
| 17 | ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.<br>Written By: Harsha L (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-11 |
| 18 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.<br>Written By: Harsha L (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-12 |
| 19 | ലേലം നടത്തിപ്പിലെ അപാകതകൾ<br>Written By: Harsha L (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-13 |
| 20 | ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Harsha L (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-14 |
| 21 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി – അപാകതകൾ<br>Written By: Harsha L (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-15 |
| 22 | മാന്വൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് കൃത്യമല്ല.<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-16 |
| 23 | രസീതുകളുടെ സ്റ്റോക്കിൽ കൃത്യതയില്ല.<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-16-1 |
| 24 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-17 |
| 25 | കോവിഡ് കാലത്തെ ടി.വി വിതരണം - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി<br>Written By: Manjula Sagar (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-18 |
| 26 | മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-19 |
| 27 | പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Vishnu Priya K (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-19-1 |
| 28 | ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-19-2 |
| 29 | കോവിഡ് എഫ്.എൽ.റ്റി.സി ഭൗതികസാഹചര്യം ഒരുക്കൽ.<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-20 |
| 30 | അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ നിക്ഷേപപ്രവൃത്തി - ശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-21 |
| 31 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ & എസ്.സി.പി - 2018-19 ൽ ആദ്യ ഗഡു കൈപ്പറ്റിയവർ നാളിതുവരെ വീടുപണി ആരംഭിച്ചിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-22 |
| 32 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-23 |

| | | |
|---|---|---|
| 33 | വീട് വാസയോഗ്യമാക്കൽ എസ്.സി.പി. - 2018-19 ൽ ആദ്യഗഡു കൈപ്പറ്റിയവർ നാളിതുവരെയും പണി പൂർത്തീകരിച്ചില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-24 |
| 34 | ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്.- ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-25 |
| 35 | മരാമത്ത് പ്രവൃത്തി - Compensation For Delay Charges ഈടാക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി.<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-26 |
| 36 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - പരിപാലനത്തിന്റെ അഭാവത്തിൽ ഉപയോഗ്യമല്ലാത്ത നിലയിൽ.<br>Written By: Naveen Chandran (Audit Officer, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-27 |
| 37 | സുഭിക്ഷ കേരളം മത്സ്യകൃഷി - ബയോഫ്ലോക്ക് - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി.<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-28 (I) |
| 38 | സുഭിക്ഷ കേരളം - പടുതാകുളത്തിലെ മത്സ്യ കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി സബ്സിഡി അധികം നൽകി.<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-28(II) |
| 39 | ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-29 |
| 40 | എസ്.എസ്.എ തുടർ നിരീക്ഷണമില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-30 |
| 41 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-31 |
| 42 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.<br>Written By: Naveen Chandran (Audit Officer, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-07-2022) | 1-32 |
| 43 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Naveen Chandran (Audit Officer, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-33 |
| 44 | എൽ.എസ്.ജി.ഡി. വിഭാഗം സൂക്ഷിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ<br>Written By: Naveen Chandran (Audit Officer, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോവിഡ് എഫ്.എൽ.റ്റി.സി ഭൗതികസാഹചര്യം ഒരുക്കൽ.<br>Written By: Vishnu Priya K (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vishnu Priya K (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.2020 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 18.02.2021 തീയതിയിലെ 8(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.07.2021 | - | - |

### 1-2-1 വാർഷികകണക്ക് പരിശോധന

1. ലൈഫ് ലോൺ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ 11,87,192/-രൂപ കുറവ് വന്നതിന്റെ കാരണം ബോധ്യപ്പെടുത്തിയിട്ടില്ല.

2. വിവിധ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ വാങ്ങിയിട്ടുള്ള തുകകൾ, തിരികെ നൽകിയ തുകകൾ എന്നിവ രജിസ്റ്ററിലെ തുകകളും അക്കൗണ്ട്സിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. അദർ ഡെപ്പോസിറ്റ് എന്ന ഹെഡിൽ (340109901) ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 11,18,506/-രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. ടി തുക ഡെപ്പോസിറ്റ് രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല.

4. ക്യാപിറ്റൽ വർക്കിൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ, ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2019-20 അക്കൗണ്ട്സ് പ്രകാരം ലാന്റ് അദർ വാല്യൂ ആയി ആസ്തിയിലുൾപ്പെടുത്തിയിട്ടുള്ളത് 47,90,425/-രൂപയാണ്. 2020-21 ൽ ടി ഹെഡ്ഡിലെ ആസ്തിമൂല്യം 55,49,250/-രൂപ ആയി വർദ്ധിപ്പിക്കേണ്ടതാണെങ്കിലും 52,49,520/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.(അക്കൗണ്ട്സ് പ്രകാരം തൻവർഷം ലാന്റിന് ചെലവഴിച്ചത് 7,59,095/-രൂപ)

6. പണം ആകാത്ത ചെക്കുകളിൽ ഉൾപ്പെട്ട 2853390/26-9-17 (5,554/-) രൂപ സ്റ്റെയിൽ ചെക്ക് ആയി ഉൾപ്പെടുത്തിയിട്ടില്ല.

7. വാടക വരവ്, അക്കൗണ്ട്സിലെ നീക്കിയിരിപ്പും രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

8. എൻ.ആർ.ഇ.ജി.എസ്, മുന്നിരിപ്പ്, വരവ് ചെലവ് തുകകൾ, ക്യാഷ്ബുക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. പ്രോപ്പർട്ടി ടാക്സ് കുടിശ്ശിക തുകകളായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളും സഞ്ചയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

10. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

11. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12. സ്ലോട്ടർ ഹൗസ് ഡിമാന്റിനത്തിൽ 60,000/-രൂപയും വരവിനത്തിൽ 10,000/-രൂപയും അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ ഏതിനത്തിലേതാണെന്ന് വ്യക്തമാക്കിയിട്ടില്ല. (പഞ്ചായത്തിൽ സ്ലോട്ടർ ഹൗസ് ഇല്ല)

13. MNREGS New A/C, NREGS Special Account എന്നിവ ഒഴികെയുള്ള വിവിധ ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ 2021 മാർച്ച് 31-ലെ സ്റ്റേറ്റ്മെന്റ്, റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12. അഡ്വാൻസ് കളക്ഷൻ തുകകൾ, റസീപ്റ്റ്&പേയ്മെന്റ് പ്രകാരമുള്ള തുകകളിലും ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളിലും വ്യത്യാസം കാണുന്നു.

13. ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രിപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് തുകകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7,39,65,830/-രൂപ |
| വരവ് | 17,63,04,905/-രൂപ |
| ആകെ | 25,02,70,735/-രൂപ |
| ചെലവ് | 18,95,49,797/-രൂപ |
| നീക്കിയിരിപ്പ് | 6,07,20,938/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,515/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,06,857/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്(രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,89,96,875/- | 2,89,96,875/- | 2,69,79,015/- | 20,17,860/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2,54,74,500/- | 2,54,74,500/- | 2,22,88,117/- | 31,86,383/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 2,21,80,901/- | 2,21,80,901/- | 1,43,84,772/- | 77,96,129/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 1,13,00,000/- | 1,13,00,000/- | 46,90,922/- | 66,09,078/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,98,53,100/- | 1,98,53,100/- | 1,95,37,630/- | 3,15,370/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 77,69,613/- | 77,69,613/- | 70,91,364/- | 6,78,249/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |

| | മുന്നിരിപ്പ് (രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| ലൈഫ് മിഷൻ – സംസ്ഥാനവിഹിതം | 26,00,000/- | 60,00,000/- | 86,00,000/- | 57,40,000/- | 28,60,000/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 55,97,930/- | 55,97,930/- | 4,88,139/- | 51,09,791/- |
| MNREGS ഭരണചെലവുകൾ | 4,010/- | 6,39,555/- | 6,43,565/- | 4,55,302/- | 1,88,263/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 27,28,055/- | 27,23,850/- | 54,51,905/- | 53,91,905/- | 60,000/- |
| TSC | 15,00,606/- | 31,76,138/- | 46,76,744/- | 30,64,570/- | 16,12,174/- |
| PYCKA | 80,319/- | 0 | 80,319/- | 0 | 80,319/- |

1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 363 | 25,90,93,112/- | 292 | 14,80,73,028/- | 138 | 71 | 80% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പ്രോ.നം.6- നടയ്ക്കൽ ഇലച്ചിക്കോട് റോഡ് നടപ്പാത

2) പ്രോ.നം.32 – വീട് വാസയോഗ്യമാക്കൽ – ജനറൽ

3) പ്രോ.നം. 43 – വീട് വാസയോഗ്യമാക്കൽ – എസ്.സി

4) പ്രോ.നം. 46- ഉറസ്സായ കിണർ ശുചിത്വക്കിണറാക്കി മാറ്റൽ

5) പ്രോ.നം. 81 – ഹരിത കർമ്മസേനയ്ക്ക് ജൈവവള നിർമ്മാണയൂണിറ്റിന് സബ്സിഡി

6) പ്രോ.നം. 104-എൽ.പി.സ്കൂൾ കുട്ടികൾക്ക് ശിശു സൌഹൃദ ഫർണ്ണീച്ചർ

7) പ്രോ.നം. 114 – കുട്ടികൾക്ക് കായിക പരിശീലനവും ഉപകരണങ്ങൾ വാങ്ങലും

8) പ്രോ.നം. 129- പി.എം.എ.വൈ. വിഹിതം നൽകൽ

9) പ്രോ.നം. 152- അളകാനന്ദ മുട്ടപ്പം റോഡ് മെയിന്റനൻസ് വാർഡ്

10) പ്രോ.നം. 184- കുന്നംപുറം വീട്ടുവാതുക്കൽ പുളിയറ റോഡ് സൈഡ് വാൾ കോൺക്രീറ്റിംഗ്

11) പ്രോ.നം. 215- കല്ലുവാതുക്കൽ പഞ്ചായത്ത് സാംസ്കാരികനിലയം നവീകരണം

12) പ്രോ.നം. 219- വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം - ജനറൽ

13) പ്രോ.നം. 225- കളിക്കളം ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ

14) പ്രോ.നം. 306- വേളമാനൂർ സബ്സെന്റർ നവീകരണം

15) പ്രോ.നം. 307- വേളമാനൂർ ഓപ്പൺ എയർ ഓഡിറ്റോറിയം

16) പ്രോ.നം. 330- ഗവ. സ്കൂളുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ

17) പ്രോ.നം. 343- വേളമാനൂർ ദേവിക്ഷേത്രം വാതുക്കൽ മുതൽ മുളമുക്ക് കുളക്കടി റോഡ് റീടാറിംഗ്

18) പ്രോ.നം. 345- കുളങ്ങര ജംഗ്ഷൻ കാവടിക്കോണം ഏലാറോഡ് കലുങ്ക് സൈഡ് വാൾ

19) പ്രോ.നം. 346 – അളകാനന്ദ മുട്ടപ്പം റോഡ് റീടാറിംഗ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,010/- | 6,39,555/- | 6,43,565/- | 4,55,302/- | 1,88,263/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,79,36,165/- | 3,79,36,165/- | 3,79,36,165/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 3,05,280/- |
| കർഷകതൊഴിലാളി പെൻഷൻ | 46,56,600/- |
| വിധവാപെൻഷൻ | 4,43,48,700/- |
| വാർദ്ധക്യകാലപെൻഷൻ | 7,91,29,100/- |
| വികലാംഗപെൻഷൻ | 1,45,68,400/- |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,31,100/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 12,60,000/- |

### 1-7-1 തൊഴിൽരഹിത വേതന പദ്ധതി - അപാകതകൾ

18 നും 35 നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് താത്ക്കാലിക ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച പദ്ധതിയാണ് കേരള തൊഴിൽരഹിത വേതന പദ്ധതി. പഞ്ചായത്തിൽ നടപ്പാക്കിവരുന്ന തൊഴിൽ രഹിത വേതന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. അപേക്ഷകൾ ക്രമരഹിതം

തൊഴിൽ രഹിതവേതനം കൈപ്പറ്റിയവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഇവ 2015, 2016, 2017 വർഷങ്ങളിൽ ലഭിച്ചവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഹാജരാക്കിയ എല്ലാ അപേക്ഷകളിലും ഇൻവേഡ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. അപേക്ഷകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷകന്റെ അർഹത സംബന്ധിച്ച റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷ നമ്പർ ഇല്ലാത്തത്

| പേര് | റോൾ നം. | തുക അനുവദിച്ച കാലയളവ് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|
| മീര.ആർ | 2009 | 8/15 മുതൽ | 29.07.19 ലെ നം 1(9) |

| | | | |
|---|---|---|---|
| ദീപാതമ്പി | 2014 | 10/18 മുതൽ | 29.07.19 ലെ നം 1(9) |
| ഉമേഷ്.എം | 2008 | 8/15 മുതൽ | 29.07.19 ലെ നം 1(5) |
| ബിന്ദു. | 2022 | 11/17 മുതൽ | 29.07.19 ലെ നം 1(5) |
| അഞ്ചു സുഗതൻ | 2024 | 9/17 മുതൽ | 29.07.19 ലെ നം 1(5) |
| ശരത്ത്.എസ് | 1957 | 9/17 മുതൽ | 29.06.18 ലെ നം 1(1) |
| അന്ന അച്ചൻകുഞ്ഞ് | 1958 | 5/17 മുതൽ | 29.06.18 ലെ നം 1(1) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ രണ്ട് സെറ്റ് അപേക്ഷയാണ് ഫ്രണ്ട് ഓഫീസ് വഴി ഇൻവേഡ് നമ്പർ ഇട്ട് സ്വീകരിക്കുന്നതെന്നും വേതനം അനുവദിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഒരു സെറ്റ് അപേക്ഷ എംപ്ലോയ്മെന്റ് ഓഫീസിലേക്ക് കൈമാറുമെന്നും അറിയിച്ചു. ഒരുസെറ്റ് അപേക്ഷകളിൽ മാത്രമെ ഇൻവേഡ് നമ്പർ രേഖപ്പെടുത്തുകയുള്ളു എന്നും ഇത്തരത്തിൽ ഇൻവേഡ് നമ്പർ രേഖപ്പെടുത്തിയ അപേക്ഷകൾ എംപ്ലോയ്മെന്റ് ഓഫീസിലേക്ക് കൈമാറിയിട്ടുള്ളതിനാലാകാം അപേക്ഷകളിൽ ഇൻവേഡ് നമ്പർ രേഖപ്പെടുത്താത്തത് എന്നുമാണ് ഹാജരാക്കിയ എല്ലാ അപേക്ഷകളിലും ഇൻവേഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിന് നൽകിയ വിശദീകരണം. അപേക്ഷകളിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഹിയറിംഗ് നടത്തി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വേതനം അനുവദിക്കുന്നത് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഹിയറിംഗ് നടത്തിയതിന്റെ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകന്റെ ഒപ്പ് രേഖപ്പെടുത്താത്ത അപേക്ഷകളിലും വേതനം അനുവദിച്ചിട്ടുണ്ട്.

ഉദാഹരണം. ശരത്ത്.എസ്, റോൾ നം.1957, തുക അനുവദിച്ച കാലയളവ് - 9/17 മുതൽ, അംഗീകരിച്ച കമ്മിറ്റി തീരുമാനം – 29.06.18 ലെ നം 1(1). ആയതിനാൽ ഹിയറിംഗ് നടത്തി ആവശ്യമായ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വേതനം അനുവദിക്കുന്നത് എന്ന മറുപടി അംഗീകരിക്കാനാകില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വേതനം അനുവദിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. <u>അപേക്ഷകളിൽ നടപടി എടുത്തിരിക്കുന്നത് രണ്ടും മൂന്നും വർഷങ്ങൾ ക്കുശേഷം</u>

കേരള തൊഴിൽ രഹിത വേതന പദ്ധതി വ്യവസ്ഥകളിലെ ചട്ടം 6(ii)ൽ അപേക്ഷയിൽ മേൽ അന്വേഷണം നടത്തി 45 ദിവസത്തിനകം വേതനം അനുവദിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ 2015, 2016, 2017 വർഷങ്ങളിൽ വന്ന അപേക്ഷകളും രണ്ടു വർഷത്തിനുശേഷം മുൻകാല പ്രാബല്യത്തിൽ തുക അനുവദിച്ചുനൽകുന്ന രീതിയാണ് തുടരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>അപേക്ഷകൾ മുൻകാല പ്രാബല്യത്തിൽ അംഗീകരിച്ചത്</u>

| പേര് | റോൾ നം | അപേക്ഷ നം | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | തുക അനുവദിച്ച കാലയളവ് |
|---|---|---|---|---|
| വിൻസി.വി | 1912 | 700/16 /27.01.16 | 29.06.18ലെ നം 1(1) | 2/16 മുതൽ |
| അർച്ചന.വി | 1916 | 7088/16 /15.07.16 | 29.06.18ലെ നം 1(1) | 7/16 മുതൽ |
| അശ്വതി.ടി.എസ് | 1911 | 4789/15 /11.06.15 | 29.06.18ലെ നം 1(1) | 7/15 മുതൽ |
| ശ്യം.എസ് | 1919 | 6075/31.07.15 | 29.06.18ലെ നം 1(1) | 8/15 മുതൽ |

| | | | | |
|---|---|---|---|---|
| പ്രീത പ്രസന്നൻ | 1966 | 797/24.01.15 | 21.01.19 ലെ നം 1(3) | 4/18 മുതൽ |

2015, 2016, 2017, 2018 വർഷങ്ങളിലായി ലഭിച്ച 85 അപേക്ഷകൾക്ക് അംഗീകാരം നൽകിയിരിക്കുന്നത് 29.06.18-ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1) നം. തീരുമാനത്തിലാണ്. 29.07.19-ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(5) നം. തീരുമാനത്തിൽ 33 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ ഒരു അപേക്ഷ മാത്രമാണ് 2019-ൽ ലഭിച്ചത്. മറ്റുള്ളവയെല്ലാം 2015, 2016, 2017, 2018 വർഷങ്ങളിലായി ലഭിച്ചവയാണ്. 45 ദിവസത്തിനകം വേതനം അനുവദിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടാണ് അപേക്ഷകൾ പരിഗണിക്കുന്നതെന്നും പഞ്ചായത്ത് ഓഫീസ് താഴത്തെനിലയിൽ നിന്നും മുകളിലേക്ക് മാറ്റിയപ്പോൾ കുറച്ച് അപേക്ഷകൾ ശ്രദ്ധയിൽപ്പെടാതെ മാറിയിരുന്നതാണ് കാലതാമസം വരാൻ ഇടയാക്കിയത് എന്നുമാണ് എൻക്വയറിയ്ക്ക് നൽകിയിരിക്കുന്ന വിശദീകരണം. ഫ്രണ്ട് ഓഫീസ് വഴി ഇൻവേഡ് നമ്പർ ഇട്ട് സ്വീകരിക്കുന്ന അപേക്ഷകൾ 3 വർഷം വരെ തീർപ്പാകാതെ അവശേഷിച്ചിട്ടും അപേക്ഷകൾ മാറിയിരുന്ന എന്നകാരണത്താൽ സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കാതിരുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

III. പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉപയോഗിച്ച് ട്രഷറിയിൽ നിന്ന് തുക അനുവദിപ്പിക്കപ്പെട്ടതിനു ശേഷം ആയത് പുതിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നു.

9/2019 ൽ അനുവദിച്ച 12/18 – 7/19 ലെ വേതനത്തുകയായ 4,70,400/-രൂപയിൽ (വൌച്ചർ നം. 31900178/2.09.19, ചെക്ക് നം.498174/2.09.19), 4,64,520/-രൂപ 488 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

വൌച്ചറിൽ 490 ഗുണഭോക്താക്കളുടെ ലിസ്റ്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്, എന്നാൽ ഇതിൽ 93 ഗുണഭോക്താക്കളും പ്രായപരിധി കഴിഞ്ഞ് രജിസ്റ്ററിൽ ക്ലോസ്സ് ചെയ്തിട്ടുള്ളവരാണ്. 29.06.18, 21.01.19, 29.07.19 തീയതികളിൽ മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ച ലിസ്റ്റിൽ ഉള്ള 101 പേർക്ക് ഇതിൽ നിന്നും തുക നൽകിയിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ വിതരണം ചെയ്യുന്നതിനാൽ 9/2019 ൽ അനുവദിച്ച 12/18-7/19 ലെ വേതന തുക, വേതന വിതരണ രജിസ്റ്ററിൽ ഓരോ ഗുണഭോക്താക്കൾക്കും വ്യത്യസ്ത കാലയളവുകളിലെ തുകകളായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

IV. തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററിലെ അപാകതകൾ

തൊഴിൽ രഹിത വേതനം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. വ്യത്യസ്ത കാലയളവുകളിലെ വേതന വിതരണമായതിനാൽ തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോകുന്നവയിൽ ഇതിനുശേഷമുള്ള അലോട്ട്മെന്റിൽ 3/20 ൽ അനുവദിച്ച 6 മാസത്തെ തുക മുൻകാലയളവിലെ വേതനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് അധികമായി വേതനം കൈപ്പറ്റുന്നതിന് കാരണമായിട്ടുണ്ട്.

ഉദാഹരണം - രോഹിണി.എസ്.ആർ, (റോൾ നം. 2002), സിജുചാക്കോ (റോൾ നം. 2001), 9/2019 ൽ അനുവദിച്ച 12/18 – 7/19 ലെ വേതനം 960/-രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിനുശേഷം 3/20 ൽ അനുവദിച്ച 6 മാസത്തെ തുക 12/18 – 5/19 ലെ വേതനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (720/-).

ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ തിരക്കുള്ള സമയമായതിനാൽ അക്വിറ്റൻസ് രജിസ്റ്ററിൽ

ഒപ്പ് രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി അർഹതയുള്ള കാലയളവിലേക്ക് വേതനം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

V. ബാങ്ക് അക്കൌണ്ടുവഴി വിതരണം ചെയ്ത തുക തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററുമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സ.ഉ (അച്ചടി)നം 139/2019/ധന. തീയതി.15.10.2019 പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അലോട്ട്മെന്റായി ലഭിക്കുന്ന തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും ഗുണഭോക്താവിന്റെ അക്കൌണ്ട് വഴി വിതരണം ചെയ്യാൻ തീരുമാനിച്ചതിനാൽ 2020 മാർച്ച് മാസം അലോട്ട്മെന്റായി ലഭിച്ച 3,04,680/-രൂപയും 2020 ആഗസ്റ്റ് മാസം അലോട്ട്മെന്റായി ലഭിച്ച 3,05,280/-രൂപയും 424 ഗുണഭോക്താക്കൾക്കായി ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ റോൾ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററുമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബിംസ് (BIMS) സോഫ്റ്റ് വെയറിൽ ബെനിഫിഷ്യറി ലിസ്റ്റ് അപ്ലോഡ് ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ റോൾ നമ്പർ രേഖപ്പെടുത്താൻ സാധ്യമാകാത്തതാണ് എന്നാണ് ഇതിനു നല്കിയിരിക്കുന്ന വിശദീകരണം. രജിസ്റ്ററിൽ നിന്നും റോൾ നമ്പർ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റും രജിസ്റ്ററും പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 12/14.09.21, 19/17.09.21

1-7-2 മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) | അനർഹമായ കാലയളവ് |
|---|---|---|---|---|---|---|
| 1 | സുഗുണൻ പിള്ള | വാർദ്ധക്യകാലപെൻഷൻ | 103610203627 | 1-2-19 | 6,000/- | 2/19 – 7/19 |
| 2 | സഹദേവൻ | വാർദ്ധക്യകാലപെൻഷൻ | 103610201558 | 21.02.19 | 3,000/- | 3/19 – 4/19 |
| 3 | സുഗുണൻ | വാർദ്ധക്യകാലപെൻഷൻ | 103610202957 | 10.04.19 | 3,000/- | 3/19 – 4/19 |
| 4 | സുപ്രഭ | വാർദ്ധക്യകാലപെൻഷൻ | 103610204919 | 7.04.19 | 1,600/- | 4/19 |
| 5 | ഗോപാലകൃഷ്ണപിള്ള | വാർദ്ധക്യകാലപെൻഷൻ | 103610204929 | 17.05.19 | 3,600/- | 5/19 – 7/19 |
| 6 | ബാബുരാജൻ | വാർദ്ധക്യകാലപെൻഷൻ | 103610201597 | 4.05.19 | 3,600/- | 5/19 - 7/19 |
| 7 | സാറാമ്മജോർജ്ജ് | വാർദ്ധക്യകാലപെൻഷൻ | 103610204652 | 13.06.19 | 1,500/- | 7/19 |
| 8 | ബാലൻ | വാർദ്ധക്യകാലപെൻഷൻ | 103610203600 | 24.06.19 | 1,200/- | 7/19 |
| 9 | തുളസീധരൻപിള്ള | വാർദ്ധക്യകാലപെൻഷൻ | 103610205481 | 23.04.19 | 3,600/- | 5/19 – 7/19 |
| 10 | ചെല്ലമ്മ | വാർദ്ധക്യകാലപെൻഷൻ | 103610203800 | 22.06.19 | 600/- | 7/19 |
| 11 | രാഘവൻ | കർഷകപെൻഷൻ | 103610100196 | 16.12.19 | 24,500/- | 1/20 - 8/21 |

| | | | | | | |
|---|---|---|---|---|---|---|
| 12 | പത്മിനിഅമ്മ | വിധവാപെൻഷൻ | 103610602159 | 14.12.19 | 32,000/- | 12/19 08/21 |
| 13 | തങ്കമ്മ | വാർദ്ധക്യകാലപെൻഷൻ | 103610202854 | 4-12-19 | 32,000/- | 12/19-08/21 |
| 14 | ഭവാനി | വാർദ്ധക്യകാലപെൻഷൻ | 103610200885 | 07.01.21 | 12,500/- | 1/21 - 8/21 |
| 15 | രമേശൻ | വാർദ്ധക്യകാലപെൻഷൻ | 103610205145 | 21.01.21 | 11,000/- | 2/21 - 8/21 |
| 16 | ജനാർദ്ദനൻ | വാർദ്ധക്യകാലപെൻഷൻ | 103610203534 | 26.01.21 | 12,500/- | 1/21 - 8/21 |
| | | | | ആകെ | 1,52,200/- | |

ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് മരണതീയതിയ്ക്ക് ശേഷം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൌണ്ടിലേക്ക് കൈമാറുന്നതിനായി 15.09.21 ലെ പി-100/21 നമ്പരായി (ക്രമ നം 1 മുതൽ 13 വരെയുള്ളവയ്ക്ക്) ബാങ്ക് അധികൃതർക്ക് കത്ത് നൽകി. 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ആഗസ്റ്റ് 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാർഡ് ജനപ്രതിനിധികളുടേയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും കൂട്ടുത്തരവാദിത്തത്തിൽ, മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മരണതീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്ത് ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 17/15.09.21

1-7-3 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ 17 ഗുണഭോക്താക്കൾ ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്നവരാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ഈ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|
| 1 | പങ്കജാക്ഷിയമ്മ (കർഷകതൊഴിലാളിപെൻഷൻ) | 103610100771 | 12/2010 മുതൽ 8/2020 വരെ | 58,300/- |

| | | | | |
|---|---|---|---|---|
| 2 | സരസ്വതി (വാർദ്ധക്യകാല പെൻഷൻ) | 103610201072 | 2/2015 മുതൽ 8/2020 വരെ | 58,300/- |
| 3 | കുഞ്ഞമ്മ ചെറിയാൻ (വാർദ്ധക്യകാല പെൻഷൻ) | 103610201696 | 1/2015 മുതൽ 8/2020 വരെ | 75,900/- |
| 4 | കമലമ്മ അമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610201868 | 1/2015 മുതൽ 8/2020 വരെ | 51,400/- |
| 5 | രാധാമണി.എം (വാർദ്ധക്യകാല പെൻഷൻ) | 103610202369 | 1/2014 മുതൽ 8/2020 വരെ | 81,200/- |
| 6 | സാറാമ്മ തോമസ് (വാർദ്ധക്യകാല പെൻഷൻ) | 103610202563 | 2/2015 മുതൽ 8/2020 വരെ | 53,800/- |
| 7 | മാധവൻ.എൻ (വാർദ്ധക്യകാല പെൻഷൻ) | 103610202772 | 1/2015 മുതൽ 8/2020 വരെ | 41,100/- |
| 8 | സുശീല.പി (വാർദ്ധക്യകാല പെൻഷൻ) | 103610202820 | 12/2015 മുതൽ 8/2020 വരെ | 48,800/- |
| 9 | അന്നമ്മമാത്യു (വാർദ്ധക്യകാല പെൻഷൻ) | 103610203415 | 1/2016 മുതൽ 8/2020 വരെ | 54,100/- |
| 10 | സരസമ്മയമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610203791 | 6/2016 മുതൽ 8/2020 വരെ | 56,500/- |
| 11 | സുമംഗല (വാർദ്ധക്യകാല പെൻഷൻ) | 103610204072 | 3/2016 മുതൽ 8/2020 വരെ | 43,400/- |
| 12 | സരസ്വതി അമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610204139 | 3/2016 മുതൽ 8/2020 വരെ | 43,400/- |
| 13 | ഓമനയമ്മ.ആർ (വാർദ്ധക്യകാല പെൻഷൻ) | 103610204645 | 10/2016 മുതൽ 8/2020 വരെ | 36,600/- |
| 14 | വി.ശശിധരൻ (വികലാംഗ പെൻഷൻ) | 103610400396 | 2/2011 മുതൽ 8/2020 വരെ | 78,500/- |
| 15 | ഷീജ (വിധവ പെൻഷൻ) | 103610602361 | 11/2016 മുതൽ 8/2020 വരെ | 62,100/- |
| 16 | ലളിതാബായി അമ്മ.പി (വിധവ പെൻഷൻ) | 103610602361 | 11/2016 മുതൽ 8/2020 വരെ | 47100/- |
| 17 | സുഭാഷിണി അമ്മ.ജെ (വിധവ പെൻഷൻ) | 103610602666 | 3/2019 മുതൽ 8/2020 വരെ | 2,300/- |
| | | | ആകെ | 8,92,800/- |

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്ക് കത്ത് ലഭിച്ച് 5 ദിവസത്തിനുള്ളിൽ തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് 25.03.21 ൽ പി-100/21 നമ്പരായി കത്ത് നൽകിയെങ്കിലും ഈ ഗുണഭോക്താക്കൾ തുക ഒടുക്കുകയോ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ

തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 20/17.09.21

1-7-4 പെൻഷണറുടെ മരണശേഷം പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു. തിരിച്ചടവ് ഉറപ്പാക്കണം.

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ പെൻഷണറുടെ മരണശേഷം പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ.ഡി | മരിച്ച തീയതി | സഹകരണബാങ്കിലേക്ക് തുക നൽകിയിരിക്കുന്ന കാലയളവ് | തുക (രൂപ) | ഡി.ബി.ടി. റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രാഘവൻ | 103610400232 | 5.2.21 | 2/21 | 1,500/- | തുക കൈമാറാൻ സാധിച്ചില്ല. |
| | | | | 3/21-8/21 | 9,500/- | തുക സഹകരണബാങ്കിന് കൈമാറി |
| 2 | സരസ്വതി അമ്മാൾ | 103610200304 | 21.01.21 | 1/21-2/21 | 3,000/- | തുക കൈമാറാൻ സാധിച്ചില്ല. |
| | | | | 3/21-8/21 | 9,500/- | തുക സഹകരണബാങ്കിന് കൈമാറി |
| 3 | പൊന്നമ്മ | 103610600824 | 17.2.21 | 2/21-8/21 | 11,000/- | തുക കൈമാറാൻ സാധിച്ചില്ല. |
| 4 | മുരളീധരൻ ആചാരി | 103610201165 | 13.1.21 | 1/21-8/21 | 12,500/- | തുക കൈമാറാൻ സാധിച്ചില്ല. |
| 5 | ധർമ്മരാജൻ | 103610200416 | 6.1.21 | 1/21-8/21 | 12,500/- | തുക കൈമാറാൻ സാധിച്ചില്ല. |

ധനകാര്യ വകുപ്പിന്റെ 5.11.20-ലെ സർക്കുലർ 67/20, പ്രകാരം അനർഹ ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തപക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20-ാം തീയതിക്കകം 'ഡയറക്ട് ഹോം' രീതിയിൽ പെൻഷൻ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്നു കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെന്റ് ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ടു വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,900/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.
സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ച്ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക). ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഉപയോഗയോഗ്യമല്ലാതെ നിലനിൽക്കുന്നത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമാണ്. (ഖണ്ഡിക 1-27 കാണുക).

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.
റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
ഫ്രണ്ട് ഓഫീസ് സംവിധാനം മികവുറ്റതാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2020 | 01/20 | 08.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.03.2019 | 2018-19 | 08.08.2019 |

1-11 ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ജി.ഒ.(എം.എസ്) 245/2011/ത.സ്വ.ഭ.വ 13.10.2011 അനുസരിച്ച് സാംഖ്യ ഓൺലൈനായാൽ ഇതിൽ നിന്നുള്ള പേയ്മെന്റ് ഓർഡർ രേഖപ്പെടുത്താതെ സെക്രട്ടറിമാർ ബില്ലിൽ ഒപ്പിടരുത്. ഓരോ ദിവസവും അവസാനത്തിൽ ക്യാഷ് ബുക്ക് സമ്മറി, ബാങ്ക്ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യണം. സാംഖ്യാ നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ കൈകൊണ്ടെഴുതിയ ക്യാഷ്ബുക്ക്, വരവ്-ചെലവ് രജിസ്റ്ററുകൾ എന്നിവ നിയമാനുസൃത രേഖകളല്ലാത്ത സാഹചര്യത്തിലും തനതുഫണ്ട് അക്കൗണ്ടിന്റെ ബാങ്ക്ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യുന്നില്ല. ബാങ്ക്ബുക്കിൽ രേഖപ്പെടുത്താതെ തനതുഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന ചെക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| 1 | 203754 | 1/06/2020 | 1,72,054/- |
| 2 | 203758 | 3/06/2020 | 1,698/- |
| 3 | 203763 | 4/06/2020 | 6,317/- |
| 4 | 203775 | 9/06/2020 | 5,280/- |
| 5 | 203781 | 11/06/2020 | 24,339/- |
| 6 | 203784 | 12/06/2020 | 25,340/- |
| 7 | 203790 | 19/06/2020 | 12,208/- |
| 8 | 220848 | 23/06/2020 | 1,828/- |
| 9 | 203795 | 24/06/2020 | 11,247/- |
| 10 | 203799 | 29/06/2020 | 1,154/- |
| 11 | 203805 | 30/06/2020 | 2,442/- |
| 12 | 203801 | 30/06/2020 | 1,282/- |
| 13 | 203806 | 30/06/2020 | 5,853/- |
| 14 | 200167 | 3/08/2020 | 1,81,386/- |
| 15 | 200188 | 14/08/2020 | 9,807/- |
| 16 | 200218 | 26/08/2020 | 17,400/- |
| 17 | 206503 | 27/08/2020 | 5,000/- |
| 18 | 20282 | 27/08/2020 | 16,390/- |
| 19 | 200125 | 27/08/2020 | 46,890/- |
| 20 | 20617 | 27/08/2020 | 2,750/- |

| | | | |
|---|---|---|---|
| 21 | 206522 | 27/08/2020 | 21,400/- |
| 22 | 26065 | 25/09/2020 | 900/- |
| 23 | 206589 | 9/10/2020 | 5,500/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ ധനഇടപാടുകൾ സാംഖ്യയിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 17/16.09.2021

1-12 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടക കുടിശ്ശിക ഉള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിങ് കോംപ്ലക്സ് | വ്യക്തിയുടെ പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/മാസം | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സ് | ലീല, സിന്ധു മന്ദിരം, ചാത്തന്നൂർ | 1A | 2297*10 | 22,970/- |
| | | ദിനേശ് കുമാർ, സിന്ധു ഭവൻ, ചാത്തന്നൂർ | 2A | 1149*10 | 11,490/- |
| | | ദിലീപ്, മനമേലേ കിഴക്കതിൽ, താഴം, ചാത്തന്നൂർ | 3A | 1117*10 | 11,170/- |
| | | കെ. രാധാകൃഷ്ണൻ, വിളയിൽവീട്, കല്ലുവാതുക്കൽ | 4A | 2788*7 | 19,516/- |
| 2 | പാരിപ്പള്ളി പഴയ ഷോപ്പിങ് കോംപ്ലക്സ് | പി. ജയദേവൻ, ജനിവിലാസം, കരിമ്പാലൂർ | 866 | 7210*9 | 64,890/- |
| | | രാജേന്ദ്രൻ, ആരോമൽ ഭവൻ, പാമ്പുറം | 869 | 18357*10 | 1,83,570/- |
| | | റ്റി. കെ. ഭാസ്കരൻ, സൂചിക്കഴികം, കോങ്ങൽ, കോട്ടപ്പുറം, പരവൂർ | 876 | 9006*10 | 90,060/- |
| 3 | പാരിപ്പള്ളി പുതിയ ഷോപ്പിങ് കോംപ്ലക്സ് (ഒന്നാം നില) | ജയചന്ദ്രൻ, ജയമന്ദിരം, തെറ്റിക്കുഴി, പാരിപ്പള്ളി | C1 | 2980*10 | 29,800/- |
| | | ബൈജു, പത്മാലയം, പുത്തൻകുളം | C2 | 1352*10 | 13,520/- |
| | | പ്രിയ.എസ്.വി., ജയഭവൻ (ലാലാസ്), പാരിപ്പള്ളി | C5 | 1452*10 | 14,520/- |
| | | പ്രിയ.എസ്.വി.,ജയഭവൻ(ലാലാസ്), പാരിപ്പള്ളി | C6 | 1971*10 | 19,710/- |
| | | പ്രിയ.എസ്.വി.,ജയഭവൻ (ലാലാസ്), പാരിപ്പള്ളി | C7 | 3166*10 | 31,660/- |
| | | സവിതാറോയി, കളത്രുവീട്, കോട്ടയ്ക്കേറം | C8 | 2056*10 | 20,560/- |
| | | സവിതാറോയി, കളത്രുവീട്, കോട്ടയ്ക്കേറം | C9 | 1801*10 | 18,010/- |
| | | ബൈജു, പത്മാലയം, പുത്തൻകുളം | C10 | 1355*10 | 13,550/- |

| | | | | | |
|---|---|---|---|---|---|
| | | ജോഷ്, ഹരിനിവാസ്, ഹരിഹരപുരം | C11 | 1707*10 | 17,070/- |
| 4 | നടയ്ക്കൽ ഷോപ്പിങ് കോംപ്ലക്സ് | കുര്യൻ പാപ്പച്ചൻ, വിനവില്ല, അടുതല | 264E | 940*4 | 3,760/- |
| | | | | ആകെ : | 5,85,826/- |

ഗ്രാമപഞ്ചായത്തിലെ കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സിൽ A3, A7, A8, B3, എന്നീ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു.

വാടക കുടിശ്ശികയും, ഒഴിഞ്ഞ് കിടക്കുന്ന കടമുറികളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കക്ഷികൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കുടിശ്ശിക ഈടാക്കി ഒടുക്ക് വരുത്തിയ രേഖകൾ ഹാജരാക്കുകയും ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ പുനർലേലം ചെയ്യാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 10/13.09.21

1-13 ലേലം നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന ഇനങ്ങൾ ലേലയിനത്തിൽ ആരും തന്നെ ഇതുവരെ അവകാശം കൈക്കൊണ്ടിട്ടില്ലെന്ന് കാണുന്നു.

1. കല്ലുവാതുക്കൽ പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ പിരിവ്.
2. പാരിപ്പള്ളി പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ പിരിവ്
3. പാരിപ്പള്ളി മാർക്കറ്റിലെ മാട്ടിറച്ചി, ആട്ടിറച്ചി വ്യാപാരം.
4. കല്ലുവാതുക്കൽ മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം

II. കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സിലെ B3, 264C, 264M, 264O, 264P, 264Q, 264R എന്നീ കടമുറികൾ 2020-21 വർഷം ആരുംതന്നെ ലേലത്തിൽ പങ്കെടുക്കാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ വിഷയങ്ങൾക്ക് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശ അവകാശങ്ങളും കടമുറികളും ലേലത്തിൽ പോകാത്തതിന്റെ കാരണം ഓഡിറ്റിന് വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 07/14.09.21

1-14 ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

ശ്രീ.ഗോപാലകൃഷ്ണകുറുപ്പ്, രാമകൃഷ്ണവിഹാർ, കല്ലുവാതുക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള G.K ഇൻഡസ്ട്രീസ്(മെറ്റൽ ക്രഷർ യൂണിറ്റ്) എന്ന സ്ഥാപനത്തിൽ 150 H.P-യുടെ യന്ത്രം ഉപയോഗിക്കുന്നതായി ടിയാന്റെ അപേക്ഷയിലും ലൈസൻസ് ഫയലിലും രേഖപ്പെടുത്തിയിരിക്കുന്നു. 150 H.P യന്ത്രത്തിന് മോട്ടോർ ഫീസ് ആയി ഒടുക്കിയിരിക്കുന്നത് 1,000/-രൂപയാണ്. 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)

ചട്ടം II (3)-ൽ പട്ടിക 3 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മേൽപ്പറഞ്ഞ യന്ത്രത്തിന് ഈടാക്കേണ്ടിയിരുന്നത് 2,000/-രൂപയാണ്. ഫീസ് കുറവായി

ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സ്ഥാപനങ്ങളുടെ വാർഷിക ലൈസൻസ് ഫീസ്, മോട്ടോർ ഫീസ് എന്നിവയുടെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. കുറവ് വന്ന തുക കുടിശ്ശിക തീർത്ത് അടവാക്കിയതിന്റെ രേഖകളും, ബന്ധപ്പെട്ട വിഷയത്തിന് ചുമതലപ്പെട്ടവരുടെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 05 /09.09.2021

## 1-15 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി – അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി ഒടുക്കുവരുത്തിയിട്ടില്ല എന്നുകാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | കുറിപ്പ് |
|---|---|---|---|
| 1 | UKF കോളേജ് | II | ഒന്നാം അർദ്ധ വർഷ സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ ശമ്പളം രേഖപ്പെടുത്തിയിട്ടില്ല |
| 2 | മാവേലി സ്റ്റോർ, കല്ലുവാതുക്കൽ | I , II | |
| 3 | കല്ലുവാതുക്കൽ പഞ്ചായത്ത് ഹൈസ്കൂൾ | II | |
| 4 | ഗവ.എൽ.പി.എസ് കല്ലുവാതുക്കൽ | II | |
| 5 | വില്ലേജ് ഓഫീസ്, കല്ലുവാതുക്കൽ | I | |
| 6 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്, പാരിപ്പള്ളി | II | |
| 7 | എസ്.എം.എൽ. ഫിനാൻസ് ലിമിറ്റഡ് | II | |
| 8 | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ | I | |
| 9 | സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ് | I | |

### സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | UKF കോളേജ് |
| 2 | മാവേലി സ്റ്റോർ, കല്ലുവാതുക്കൽ |
| 3 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്, പാരിപ്പള്ളി |
| 4 | എസ്.എം.എൽ. ഫിനാൻസ് ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 6 | സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ് |

മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതിയും, സ്ഥാപന

തൊഴിൽ നികുതിയും ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക പിരിച്ചെടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 21/16.09.21

1-16 മാന്വൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് കൃത്യമല്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ മാന്വൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നതിലും ഉപയോഗത്തിനായി വിതരണം ചെയ്തവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും കൃത്യതയില്ല.

1-16-1 രസീതുകളുടെ സ്റ്റോക്കിൽ കൃത്യതയില്ല.

1) 2019-20 വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ മാന്വൽ രസീതുകളും, പ്രിന്റഡ് രസീതുകളും വാങ്ങിയതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം/തീയതി | തുക(രൂപ) | ചെക്ക് നം/തീയതി | ഇനം |
|---|---|---|---|---|
| 1 | 21900267/18.06.19 | 4,337/- | 498167/18.06.19 | ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ സാംഖ്യ രസീത് വാങ്ങുന്നതിന് |
| 2 | 21900616/24.09.19 | 4,337/- | 498177/23.09.19 | ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ സൂചിക രസീത് വാങ്ങുന്നതിന് |
| 3 | 21900911/11.11.19 | 3,540/- | 498190/11.11.19 | മാന്വൽ രസീതുകൾ ഗ്രാമലക്ഷ്മിയിൽ നിന്ന് വാങ്ങുന്നതിന് |

മേൽ വൌച്ചർ പ്രകാരം ചെലവഴിച്ച തുകകൾക്ക് ലഭ്യമായ രസീതുകളുടെ സീരിയൽ നമ്പർ, രസീതുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വൌച്ചറുകൾ പ്രകാരമുള്ള തുകകളുടെ ഡി.ഡി ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും രസീതുകൾ പഞ്ചായത്തിലേക്ക് ലഭിക്കേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ചിരിക്കുന്ന ചെലവുകൾ നടന്ന മാസങ്ങളിലോ തൊട്ടടുത്ത മാസങ്ങളിലോ ക്രമ നം. 1, 2 രസീതുകൾ സ്റ്റോക്കിൽ എടുത്തിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലോഗ്ബുക്ക് പരിശോധിച്ചതിൽ 25.06.2019 ൽ ഡി.ഡി.പി ഓഫീസിലേക്ക് രസീതുബുക്ക് വാങ്ങുന്നതിനായി യാത്ര നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും ക്രമ നം. 1 പ്രകാരമുള്ള രസീതുകൾ 25.06.2019 ൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നു.

രസീതുകളുടെ സീരിയൽ നമ്പറുകൾ ലഭ്യമല്ലാത്തതിനാൽ ഇവ ഏതു ദിവസം സ്റ്റോക്കിലെടുത്തു എന്ന് വ്യക്തമല്ല. വൌച്ചറിൽ 9000 എണ്ണം രസീതുകളുടെ വിലയായ 4,337/-രൂപ നൽകുന്നു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമ നം. 3 പ്രകാരം ഗ്രാമലക്ഷ്മിക്ക് നൽകിയിരിക്കുന്ന 3,540/-രൂപ 30 രസീതുബുക്കുകളുടെ വിലയാണ് എന്ന് വൌച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ 25 രസീതുബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ശേഷിക്കുന്ന 5 രസീതുബുക്കുകൾ എന്ന് ലഭിച്ചു എന്ന് വ്യക്തമല്ല. ഇതു കൂടാതെ 07-01-20 ൽ ഡി.ഡി.പി ഓഫീസിൽ നിന്നും ലഭിച്ച 12051 മുതൽ 12075 വരെയുള്ള 25 രസീതുബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ഇവയ്ക്കായി തുക ചെലവഴിച്ച വൌച്ചർ വിശദാംശങ്ങൾ

ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രസീതുകൾ കൃത്യമായി സ്റ്റോക്കിൽ എടുക്കാത്തതിനുള്ള വിശദീകരണവും സ്റ്റോക്കിൽ എടുത്തിട്ടുള്ള മാനുവൽ, സാംഖ്യ, സൂചിക രസീതുകളുടെ കൃത്യമായ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 15/14.09.21

2) സൂചിക രസീത് സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണം

17.08.2020 ൽ സ്റ്റോക്കിലെടുത്ത 9000 എണ്ണം (333001 മുതൽ 342000 വരെ) സൂചിക രസീതുകളിൽ ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയ രസീതുകളുടെ എണ്ണവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന രസീതുകളുടെ ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലും ഭൌതികപരിശോധനയ്ക്ക് ഹാജരാക്കിയ രസീതുകളുടെ വിവരങ്ങളും ചുവടെചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ | എണ്ണം | ഭൌതിക പരിശോധനയിൽ ബോധ്യപ്പെട്ടത് | സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ |
|---|---|---|---|---|
| 1 | 333001 – 333597 | 597 | ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | സ്റ്റോക്ക് രജിസ്റ്ററിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 333598 – 333720 | 123 | ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 4-01-2021 ൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | 333721 – 339000 | 5280 | ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 4 | 333001 – 341689 | 2689 | ഉപയോഗിക്കാതെ സൂക്ഷിക്കുന്നതായി ഭൌതികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. | ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 5 | 341690 – 342000 | 311 | ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |

ക്രമ നം. 1 പ്രകാരമുള്ള 597 രസീതുകൾ ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കുകയോ ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യിട്ടില്ലാത്തതിനാൽ ഈ രസീതുകൾ എപ്രകാരം ഉപയോഗിച്ചു എന്ന് വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്രമ നം.2 പ്രകാരമുള്ള രസീതുകൾ 4.01.21 ൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ക്രമ നമ്പർ അനുസരിച്ചല്ല രസീതുകൾ ഉപയോഗിച്ചതെന്ന് വ്യക്തമാകുന്നു. കൂടാതെ ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമ നം. 4 പ്രകാരമുള്ള രസീതുകൾ ഉപയോഗിച്ചിട്ടില്ല എന്ന് ഭൌതിക പരിശോധനയ്ക്ക് ഹാജരാക്കിയതിൽ നിന്നും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ കൃത്യമായി നടത്തുന്നില്ല എന്നും കൃത്യമായ ഇടവേളകളിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല എന്നും വ്യക്തമാകുന്നു. രസീതുകൾ സ്റ്റോക്കിലെടുക്കുന്നതിലും ഉപയോഗക്രമം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിലും ശ്രദ്ധ പുലർത്തേണ്ടതാണ്.

1-17 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യിട്ടില്ല.

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഇനത്തിൽ ആകെ ലഭിച്ച 6,44,396/-രൂപ (2015-16 സാമ്പത്തിക വർഷം മുതൽ 2020-2021 സാമ്പത്തിക വർഷം വരെ ) കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നാളിതുവരെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക പഞ്ചായത്ത് അക്കൌണ്ടിൽ ലഭ്യമാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 കോവിഡ് കാലത്തെ ടി.വി വിതരണം - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി

| | |
|---|---|
| പദ്ധതി | എസ്.0397/21- കുട്ടികൾക്ക് പഠന സൗകര്യം - അങ്കണവാടികൾക്കും ലൈബ്രറികൾക്കും ടി.വി വാങ്ങൽ |
| അടങ്കൽ | 3,51,000/-<br>(3,21,000/- തനതു ഫണ്ട്<br>30,000/-- കെ.എസ്.എഫ്.ഇ Online Vidyasahai Scheme) |
| ചെലവ് | 3,21,000/- തനതു ഫണ്ട്<br>ചെക്ക് നം.207953/12.11.2020, 2,61,508/-<br>ചെക്ക് നം.22001147/ 30.11.2020, 39,492/-<br>30,000/- കെ.എസ്.എഫ്.ഇ Online Vidyasahai Scheme |
| നിർവഹണം | സെക്രട്ടറി |

കോവിഡ് 19-ന്റെ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനായി അങ്കണവാടികളിലും ലൈബ്രറികളിലും ടി.വി വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിനായി 26 സ്മാർട്ട് ടെലിവിഷനുകൾ, 13,500/-രൂപ നിരക്കിൽ രാജകുമാരി ഹൈപ്പർഷോപ്പിൽ നിന്നും ഒരുവർഷം വാറന്റിയിൽ വാങ്ങി 23 അങ്കണവാടികൾക്കും 3 ലൈബ്രറികൾക്കും നൽകിയിട്ടുണ്ട്. അങ്കണവാടികൾക്കായി ടി.വി കൈപ്പറ്റിയ ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കിയ വിവരം അനുസരിച്ച് 63, 72, 73, 79, 83, 87, 104 എന്നീ 7 അങ്കണവാടികളിൽ നാളിതുവരെയും ടെലിവിഷനുകൾ ഇൻസ്റ്റാൾ ചെയ്യുകയോ പ്രവർത്തിപ്പിക്കാൻ കേബിൾ കണക്ഷൻ നൽകുകയോ ചെയ്തിട്ടില്ല. ടെലിവിഷനുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള മറ്റ് അങ്കണവാടികളിൽ ഈ സൗകര്യം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണെന്ന് 15.9.2021 തീയതിയിൽ അങ്കണവാടികളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെടുകയുണ്ടായി. ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി മതിയായ പഠനം നടത്താതെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭൗതിക പരിശോധന നടത്തിയ അങ്കണവാടികളിലൊന്നും തന്നെ വിദ്യാർത്ഥികൾക്കിടയിൽ യാതൊരുവിധ പ്രചാരണവും നടത്തിയിരുന്നില്ല. അതുകൊണ്ട് തന്നെ ഓരോ വാർഡിലും എത്ര വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ആവശ്യമുണ്ടെന്നത് സംബന്ധിച്ച് യാതൊരു അറിവും പഞ്ചായത്തിനില്ല. 63-ാം നമ്പർ അങ്കണവാടിയിൽ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ടി.വി പാഴ് വസ്തുക്കൾക്കൊപ്പം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണുള്ളത്. കാലികമായി ഏറെ പ്രസക്തിയുള്ള പദ്ധതി ആർക്കും പ്രയോജനപ്പെടുത്താനാകാത്ത ദയനീയ അവസ്ഥയിലാണ്. മതിയായ നടപടികൾ സ്വീകരിച്ച് സ്മാർട്ട് ടി.വികൾ ഉപയോഗപ്രദമാക്കാൻ അധികൃതർ മുൻകൈയ്യെടുക്കേണ്ടതാണ്. ടി.വി വാങ്ങിനൽകിയതല്ലാതെ കേബിൾ കണക്ഷൻ ഉൾപ്പെടെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിയിൽ ഇതേക്കുറിച്ച് പരാമർശിച്ചിട്ടുമില്ല. പദ്ധതി ആവിഷ്കരിച്ച് ഒരു

വർഷമാകാറായിട്ടും തുടർ നടപടികൾ യാതൊന്നും സ്വീകരിക്കാത്തത് നിരീക്ഷണത്തിലെ വീഴ്ചയാണ്. അതിനാൽ പൊതുപ്പണം ശരിയായ രീതിയിലല്ല വിനിയോഗിക്കപ്പെട്ടതെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച 3,21,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്മാർട്ട് ടി.വി-കൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതിയുടെ പ്രയോജനം എല്ലാ വിദ്യാർത്ഥികളിലുമെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 3,21,000/-രൂപ
ഓഡിറ്റ് എൻക്വയറി നം - 9/ 13.9.2021

1-19 മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന വാങ്ങൽ, വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ, എന്നീ പദ്ധതികൾക്കായും മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-19-1 പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

(1) പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ (101/21)

അടങ്കൽ – 5,00,000/- രൂപ

ചെലവ് - 5,00,000/-

ബിൽ നം/തീയതി - 34/26.06.2020

തുക കൈപ്പറ്റിയ സ്ഥാപനം - കെ.എം.എസ്.സി.എൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് റോഡിതരം

ലഭ്യമായ മരുന്നിന്റെ വിലവിവരങ്ങൾ ചുവടെചേർക്കുന്നു.

പ്രൊ.ഇൻവോയിസ് നം -PRF1078/17.06.20

| ലഭിച്ച മരുന്നിന്റെ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 1962/09.11.20 | 25,938/- |
| 36680/21.02.21 | 23,452/- |
| 2428/21.02.21 | 88,425/- |
| 832/03.05.21 | 92,339/- |
| ആകെ | 2,30,154/- |

ലഭിക്കാൻ ശേഷിക്കുന്ന 2,69,846/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

(2) വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ (105/21)

അടങ്കൽ – 7,00,000/-രൂപ

ചെലവ് - 7,00,000/-രൂപ

ബിൽ നം/തീയതി - 30/23.06.2020

തുക കൈപ്പറ്റിയ സ്ഥാപനം - കെ.എം.എസ്.സി.എൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് റോഡിതരം

ലഭ്യമായ മരുന്നിന്റെ വിലവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊ.ഇൻവോയിസ് നം – PRF1093/17.06.20

| ലഭിച്ച മരുന്നിന്റെ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ വില(രൂപ) |
|---|---|
| 8046/05.11.20 | 25,938/- |
| 8003/05.11.20 | 1,29,641/- |
| 39342/26.02.21 | 22,401/- |
| 162/16.04.21 | 80,513/- |
| 2525/26.02.21 | 80,953/- |
| 1020/07.05.21 | 81,778 |
| ആകെ | 4,21,224/- |

ലഭിക്കാൻ ശേഷിക്കുന്ന 2,78,776/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്.

(3) ജീവിതശൈലിരോഗങ്ങൾക്കുള്ള മരുന്ന് (82/21)

അടങ്കൽ – 5,00,000/-രൂപ

ചെലവ് - 5,00,000/-രൂപ

ബിൽ നം/തീയതി - 17/19.06.2020

തുക കൈപ്പറ്റിയ സ്ഥാപനം - കെ.എം.എസ്.സി.എൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് റോഡിതരം

ലഭ്യമായ മരുന്നിന്റെ വിലവിവരങ്ങൾ ചുവടെചേർക്കുന്നു.

പ്രൊ.ഇൻവോയിസ് നം –PRF1077/17.06.20

| ലഭിച്ച മരുന്നിന്റെ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 8047/05.11.20 | 50,591/- |
| 1928/05.11.20 | 35,299/- |
| 1929/05.11.20 | 42,444/- |
| 14939/17.12.20 | 1,61,027/- |
| 2669/23.06.21 | 1,61,027/- |
| ആകെ | 4,50,388/- |

ലഭിക്കാൻ ശേഷിക്കുന്ന 49,612/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 23/17.09.21

1-19-2 ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, പദ്ധതിയ്ക്കായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോ.നം 92/21 – ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ – 4,00,000/-രൂപ

ചെലവ് - 4,00,000/-രൂപ

ബിൽ നം/തീയതി - 4/20-21/11.11.20

തുക കൈപ്പറ്റിയ സ്ഥാപനം - ഹോംകോ

| പ്രൊഫോർമ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ വില(രൂപ) |
|---|---|---|
| PRF 933/12.11.2020 | LF2348/27.02.21 | 1,59,464/- |
| | LF135/7.05.21 | 22,600/- |
| | LF-35/27.05.21 | 16,300/- |
| | LF-286/20.05.21 | 62,309/- |
| | LF-633/14.06.21 | 64,890/- |
| | ആകെ | 3,25,563/- |

ഹോംകോയിൽ നിന്നും ലഭിക്കാൻ ശേഷിക്കുന്ന 74,437/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-20 കോവിഡ് എഫ്.എൽ.റ്റി.സി ഭൗതികസാഹചര്യം ഒരുക്കൽ.

(1) ഷിഫ്റ്റിങ്ങിന് വാഹന വാടകയിനത്തിൽ അധികം തുക നല്കി.

ഗ്രാമപഞ്ചായത്തിലെ നടയ്ക്കൽ ഐ.സി.ഡി ബാങ്ക് കോച്ചിംഗ് സെന്ററിലെ ബോയ്സ് ഹോസ്റ്റൽ കെട്ടിടം കോവിഡ് എഫ്.എൽ.റ്റി.സി നടത്തുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ഏറ്റെടുത്തിരുന്നു. ടി കെട്ടിടത്തിൽ ഭൌതികസാഹചര്യം ഒരുക്കുന്നതിനായി 10,01,241/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് പരിശോധനയിൽ ടി കെട്ടിടത്തിലെ മുറികളിൽ സൂക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ വസ്ത്രങ്ങൾ, മെത്ത, പുസ്തകങ്ങൾ എന്നിവ കെട്ടിടം നിൽക്കുന്ന കോമ്പൗണ്ടിൽ തന്നെയുള്ളതും 300 മീ (0.3 കി.മി) അകലെയുള്ളതുമായ കെട്ടിടത്തിലേക്ക് കൊണ്ടുപോയി ഇറക്കുന്നതിനായി 14,700/-രൂപയാണ് വാഹനവാടകയിനത്തിൽ ചെലവഴിച്ചത്. വേ ബില്ലുകൾ പരിശോധിച്ചതിൽ 300 മീ അകലെയുള്ള കെട്ടിടത്തിൽ 30 ട്രിപ്പ്, 33 ട്രിപ്പ്, 36 ട്രിപ്പ് എന്നിവ പ്രകാരം സാധനങ്ങൾ ഇറക്കുന്നതിന് 200 കി.മീറ്ററോളം ദൂരം രേഖപ്പെടുത്തി അധികം തുക കൈപ്പറ്റിയതായി കാണുന്നു. കയറ്റിറക്ക് കൂലിയായി 17,800/-രൂപയും ഇന്ധനചെലവായി 19,800/-രൂപയും ചെലവഴിച്ചതിന് പുറമേയാണ് വാഹന വാടകയിനത്തിൽ തുക നൽകിയിരിക്കുന്നത്. ഇന്ധനച്ചെലവും വാഹന വാടകയും അനുവദിച്ചതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | ലോഡ് | രേഖപ്പെടുത്തിയിരിക്കുന്ന ദൂരം<br>വാഹന നമ്പർ<br>കെ.എൽ.02.എ.കെ.1919 | നല്കിയ തുക(കി.മീക്ക് 25/-രൂപ നിരക്കിൽ) | യഥാർത്ഥ ദൂരം | നല്കേണ്ടുന്ന തുക(രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 26-7-20 | 30 | 178 കി.മീ | 4,450/- | 18കി.മി(.3*2*30) | 450/- | 4,000/- |
| 27-7-20 | 33 | 202 കി.മീ | 5,050/- | 19.8കി.മീ (.3*2*33) | 495/- | 4,555/- |
| 28-7-20 | 36 | 208 കി.മീ | 5,200/- | 21.6കി.മീ (.3*2*36) | 540/- | 4,660/- |
| | | ആകെ | 14,700/- | | 1,485/- | 13,215/- |

വേ ബില്ലുകളിൽ തുക പാസ്സാക്കാതെയാണ് അനുവദിച്ചു നല്കിയിരിക്കുന്നത്. വളരെ അടുത്തുള്ള കെട്ടിടത്തിൽ സാധനം ഇറക്കുന്നതിന് മേൽ പ്രകാരം ദൂരം സഞ്ചരിച്ചതായി കോവിഡ് പ്രവർത്തനങ്ങളുടെ ചുമതലയുള്ള ക്ലർക്കായ ശ്രീ.അബ്ദുൾ ലത്തീഫ് സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. തെറ്റായ സാക്ഷ്യപ്പെടുത്തൽ നടത്തി അധികമായി അനുവദിച്ച് നല്കിയ 13,215/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 13,215/-രൂപ

ഓഡിറ്റ് എൻക്വയറി നം - 16/15-9-21

(2) ബിൽപ്രകാരമുള്ള തുകയിലും അധികം തുക അനുവദിച്ചു.

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ പെയിന്റിങ്ങിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനായി ചെക്ക് നം. 10208311/11-9-20 പ്രകാരം ഇൻസ്റ്റോക്ക് ബിൽഡിങ്ങ് മെറ്റീരിയൽ എന്ന സ്ഥാപനത്തിന് 54,227/-രൂപ നല്കിയിരുന്നു. എന്നാൽ സ്ഥാപനം ഹാജരാക്കിയ ബില്ലുകൾ പ്രകാരം 46,927/-രൂപയുടെ സാധനങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്.അതിനാൽ സ്ഥാപനത്തിന് അധികമായി അനുവദിച്ചു നല്കിയ 7,300/-രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുന്നത് വരെ അധികം നല്കിയ 7,300/-രൂപ നിരാകരിക്കുന്നു. മേൽ വിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 7,300/-രൂപ

ഓഡിറ്റ് എൻക്വയറി നം - 16/15-9-21

1-21 അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ നിക്ഷേപപ്രവൃത്തി - ശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 361/21 അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ |
| അടങ്കൽ തുക | വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് - 5,00,000/- |
| ചെലവഴിച്ച തുക | 4,60,000/- ബിൽ നം 6/11-7-20 |

മേൽ പദ്ധതി വഴി 8 അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 4,60,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റിൽ 3,46,930/-രൂപ ചെലവഴിച്ചതായും 1,13,070/-രൂപ വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നതായുമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 1,13,070/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കാത്തതിനാൽ തടസ്സപ്പെടുത്തുന്നു. വിശദമായ പ്രവർത്തി പൂർത്തീകരണരേഖകളും ധനവിനിയോഗരേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ശേഷിക്കുന്ന തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കിയതിന്റെ രേഖകളും വിശദമായ പ്രവർത്തി പൂർത്തീകരണരേഖകളും ധനവിനിയോഗരേഖകളും പരിശോധനയ്ക്ക്

ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,13,070/-രൂപ

ഓഡിറ്റ് എൻക്വയറി നം – 11/10.09.21

1-22 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ & എസ്.സി.പി - 2018-19 ൽ ആദ്യ ഗഡു കൈപ്പറ്റിയവർ നാളിതുവരെ വീടുപണി ആരംഭിച്ചിട്ടില്ല.

ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ & എസ്.സി.പി പദ്ധതി ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി 2018-19 ൽ കരാറിലേർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് കണ്ടു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരം | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1. | ദിനേശ് കുമാർ/കല<br>മിനി ഭവനം, വരിഞ്ഞം, കല്ലുവാതുക്കൽ (വാർഡ്-23) | 40,000/- |
| 2. | പത്മാവതി ഗോപാലകൃഷ്ണൻ<br>അർച്ചനാഭവൻ, കോട്ടക്കേറം, പാരിപ്പള്ളി (വാർഡ്-10) | 40,000/- |
| 3. | സൗദാമിനി<br>കുന്നത്തുവിള വീട്, കരിമ്പാലൂർ, പുത്തൻകുളം (വാർഡ്-17) | 40,000/- |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതാണെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. (മുൻ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിവരം സൂചിപ്പിച്ചിട്ടുണ്ട്.)

ലൈഫ് ഭവനപദ്ധതി ജനറൽ, 2018-19ൽ ആദ്യഗഡു 40,000/-രൂപ കൈപ്പറ്റിയ രമ.എസ്, കുന്നംപുറത്ത് വീട്, കടമ്പാട്ടുകോണം എന്ന വ്യക്തിയുടെ മകന് ടി കാലയളവിൽ സർക്കാർ ജോലി ലഭിച്ചതിനെ തുടർന്ന് അനർഹയായെങ്കിലും തുക തിരിച്ചടച്ചില്ല. ടിയാളിൽ നിന്നും പലിശസഹിതം തുക ഈടാക്കി ഒടുക്കു വരുത്തുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി വഴി 2,00,000/-രൂപ കൈപ്പറ്റിയ ശിൽപ്പബാബു, കുന്നംപുറത്ത് വീട്, വാർഡ് 23, 2018-19 ൽ വീടിന്റെ അടിസ്ഥാനനിർമ്മാണം നടത്തിയെങ്കിലും തുടർന്ന് വീട് പണി നടത്തിയില്ല. ടിയാൾ പണി പൂർത്തീകരിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതായി വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർന്നും വീടുപണി പൂർത്തീകരിക്കാത്ത പക്ഷം തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-23 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക | ചെലവഴിച്ച തുക/തടസ്സപ്പെടുത്തുന്ന തുക (രൂപ) | കാരണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 217/21 കുടിവെള്ള പദ്ധതി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ<br>വികസനഫണ്ട് എസ്.സി.പി 13,00,000/-<br>ജില്ലാപഞ്ചായത്ത്- 1,45,500/- | 14,45,500/-<br>( ബിൽ നം. 13/14-1-21, തുക- 13,00,000/-<br>ബിൽ നം. 16/20-2-21 തുക- 1,45,500/-) | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 266/21 കുടിവെള്ളത്തിന് ഗ്രൗണ്ട് വാട്ടറിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ – ജില്ലാപഞ്ചായത്ത് സംയുക്തം<br>വികസനഫണ്ട് എസ്.സി.പി 21,71,207/-<br>ജില്ലാ പഞ്ചായത്ത് - 2,37,50,000/- (ചെലവഴിച്ചത്- 14,55,054/-)<br>തനത്ഫണ്ട്- 95,700/- | 36,26,261/-(ബിൽ നം. 1/24-4-20-7,82,653/-,<br>ബിൽ നം. 2/ 24-4-20, 7,63,574/-, ബിൽ നം. 3/ 24-4-20-6,24,980/-, ബിൽ നം. 11/25-9-20 തുക - 14,55,054/-) | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. (ഫയലിനോടൊപ്പം ഹാജരാക്കിയ എസ്റ്റിമേറ്റിലും അപാകതയുള്ളതായി കാണുന്നു) |
| | ആകെ | 50,71,761/- | |

1-24 വീട് വാസയോഗ്യമാക്കൽ എസ്.സി.പി. - 2018-19 ൽ ആദ്യഗഡു കൈപ്പറ്റിയവർ നാളിതുവരെയും പണി പൂർത്തീകരിച്ചില്ല.

വീട് വാസയോഗ്യമാക്കലിന് 2018-19 ൽ ആദ്യഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്നവർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി 2019-20 ലും 2020-21 ലും പദ്ധതി സ്പിൽ ഓവറാക്കിയെങ്കിലും നാളിതുവരെയും പണി പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | കൈപ്പറ്റിയ തുക(രൂപ) |
|---|---|---|
| 1. | ശ്രീജ.വി, ചരുവിള പുത്തൻവീട് | 35,000/- |
| 2. | പ്രസന്ന,<br>പനച്ചിവിള പുത്തൻവീട്, പാമ്പുറം | 35,000/- |
| 3. | ശ്രീജ വി,<br>ചരുവിള പുത്തൻവീട്, ചിറക്കര | 35,000/- |
| 4. | രാമൻ,<br>മോഹന വിലാസം, കല്ലുവാതുക്കൽ | 35,000/- |

മേൽ വ്യക്തികൾക്ക് പ്രവൃത്തി പൂർത്തീകരിക്കണമെന്നറിയിച്ച് കൊണ്ട് നോട്ടീസ് നല്കിയെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ലെന്നും നിലവിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വാല്വേഷൻ

കണക്കാക്കി അധികം തുക നല്കിയിട്ടുണ്ടെങ്കിൽ ഈടാക്കുന്നതാണെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

മേൽ വ്യക്തികളെക്കൊണ്ട് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-25 ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്.- ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പദ്ധതിയുടെ വിവരം | നം 123/21, ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്. |
| അടങ്കൽ തുക | 8,05,000/- വികസനഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | 2,72,290/- (ബിൽ നം. 17/16-3-21) |

മേൽ പദ്ധതി വഴി 10 ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി 2,72,290/-രൂപ ചെലവഴിച്ചിട്ടുണ്ട്. 16-3-21 ൽ തന്നെ തുക കൈമാറിയിരുന്നെങ്കിലും 6-9-21 (ഓഡിറ്റ് വേളയിൽ) -ലാണ് ലാപ്പ്ടോപ്പുകൾ ലഭ്യമായത്. 10 വിദ്യാർത്ഥികളുടെ അപേക്ഷകളും തുക പിൻവലിച്ചതിന്റെ രേഖകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാത്തതിനാൽ ഈയിനത്തിലെ ചെലവ് 2,72,290/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാത്ത 10 ലാപ്പ്ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണരേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,72,290/-രൂപ

ഓഡിറ്റ് എൻക്വയറി നം – 13/10.09.21

1-26 മരാമത്ത് പ്രവൃത്തി - Compensation For Delay Charges ഈടാക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി.

പ്രോജക്റ്റ് നം.149/20 – മീനമ്പലം യു. കെ. എഫ്. റോഡിൽ നിന്നും പാറക്കൽ ആയിരവല്ലി ക്ഷേത്രം റോഡ് റീടാറിംഗ് – വാർഡ് 16

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി

അടങ്കൽ തുക - 3,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ് തുക – 2,42,739/-രൂപ

കരാറുകാരൻ - ശ്രീ. മാത്യു. എൻ. വി., നെടുങ്ങോട്ട് വലിയ വീട്, ഇടനാട് പി.ഒ

എഗ്രിമെന്റ് നം – 41/AE/എൽ.എസ്.ജി.ഡി/കെ.വി.കെ.എൽ./19-20/19.10.2019

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 4 മാസം

പ്രവൃത്തി ആരംഭിച്ച തീയതി : 19.10.2019 (സൈറ്റ് ഹാൻഡ് ഓവർ)

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 09.09.2020

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി – 18.02.2020

വൈകിയ കാലയളവ് : 204 ദിവസം

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P) No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ച്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളു.

അതിനാൽ ഈടാക്കേണ്ട ഫൈൻ : 7,796/-രൂപ (2,67,531/-രൂപ X.1%= 267.53 രൂപ X 29.14 ആഴ്ച)

ഈടാക്കിയ ഫൈൻ - 5,351/-രൂപ
ഈടാക്കിയതിൽ കുറവ് - 2,445/-രൂപ (7,796 – 5,351/-രൂപ)

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു കാരണം തേടി അസിസ്റ്റന്റ് എൻജിനീയർക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 2,445/-രൂപ അടവാക്കി രസീത് (എ.1706274/08.09.2021) ഹാജരാക്കി. കരാറുകാരിൽ നിന്നും ഫൈൻ തുക ഈടാക്കുമ്പോൾ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 1 /06.09.2021

1-27 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - പരിപാലനത്തിന്റെ അഭാവത്തിൽ ഉപയോഗ്യമല്ലാത്ത നിലയിൽ.

പാരിപ്പള്ളി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ ഭൗതിക പരിശോധന നടത്തിയതിലെ നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. പ്രധാന കെട്ടിടവും അനുബന്ധ കെട്ടിടവും ജീർണ്ണാവസ്ഥയിലാണ്. മേൽക്കൂരയുടെ ചോർച്ച നിമിത്തം കോൺക്രീറ്റ് ഇളകി പലസ്ഥലത്തും കമ്പികൾ തെളിഞ്ഞു കാണുന്നു. ഓഡിറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ള കസേരകൾ കേടാകുന്ന നിലയിലാണ്.





2. ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ എന്നിവയുടെ പ്രവേശന ഷട്ടറുകൾ പ്രവർത്തിക്കാത്തതിനാൽ രണ്ട് കെട്ടിടങ്ങളും പൂട്ടി സുരക്ഷിതമാക്കുന്നതിന് സാധിക്കുന്നില്ല.
3. ഫർണ്ണീച്ചറുകൾ, പാത്രങ്ങൾ എന്നിവ അടച്ചുറപ്പുള്ള ഇടങ്ങളിൽ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല.



4. ഒരു ജനറേറ്റർ, ഉപയോഗശൂന്യമായ നിലയിൽ കെട്ടിടത്തിന് പുറത്ത് കാണപ്പെട്ടു.



5. കെട്ടിടവും പരിസരവും കാട് മൂടിയ നിലയിലാണ്.

കെട്ടിടത്തിലെ ആസ്തികളുടെ കണക്കെടുക്കുന്നതിന് സെക്രട്ടറിയുടെ ഓഫീസ് ഉത്തരവ് 14/20 – 24.09.20 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി ഉൾപ്പെടെ നാല് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയെങ്കിലും ആയത് നടപ്പിലാക്കിയതിന് രേഖയില്ല. ഇതുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
കെട്ടിടങ്ങൾ എൽ.എസ്.ജി.ഡി വിഭാഗം പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖയും, മേൽ വിഷയത്തിൽ വിശദീകരണവും തേടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
വലിയ വാണിജ്യ കേന്ദ്രമായ പാരിപ്പള്ളി ജംഗ്ഷനിൽ ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടവും സ്ഥലവും കൃത്യമായ പരിപാലനത്തിന്റെയും മതിയായ സുരക്ഷയുടേയും അഭാവത്തിൽ നാശോന്മുഖമായ അവസ്ഥയിലാണ്. ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിനും വികസനത്തിനും ഇത് സഹായകരമല്ല.
മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന് വരുമാനവും വികസനത്തിന് സഹായകരവുമായ തീരുമാനം കൈക്കൊള്ളേണ്ടത് അനിവാര്യമാണ്.
ഓഡിറ്റ് അന്വേഷണം നം – 22/17.09.2021

1-28 (I) സുഭിക്ഷ കേരളം മത്സ്യകൃഷി - ബയോഫ്ലോക്ക് - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി.

| | |
|---|---|
| പദ്ധതി | എസ്.0380/21 - സുഭിക്ഷ കേരളം മത്സ്യകൃഷി - ബയോഫ്ലോക്ക്. |

| | |
|---|---|
| അടങ്കൽ | 9,66,000/-<br>വികസന ഫണ്ട് - 2,00,000/-<br>ജില്ലാ പഞ്ചായത്ത് ഷെയർ - 57,600/-<br>ഗുണഭോക്തൃവിഹിതം (നേരിട്ട്) - 7,08,400/- |
| ചെലവ് | 2,31,523/-<br>(വികസന ഫണ്ട് – 2,00,000/-, ബിൽ നം.22/20-21, 27.3.21,<br>ജില്ലാ പഞ്ചായത്ത് ഷെയർ - 31,523/-<br>ബിൽ നം.23/20-21, 27.3.21) |
| നിർവഹണം | കൃഷി ഓഫീസർ |

സുഭിക്ഷ കേരളം പദ്ധതിയ്ക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1009/2020 /ത.സ്വ.ഭ.വ, 29.5.2020 പ്രകാരം ജനറൽ വിഭാഗത്തിന് ബയോഫ്ലോക്ക് മത്സ്യകൃഷിയുടെ യൂണിറ്റ് ചെലവ് 1,38,000/-രൂപയും അതിന്റെ 40% സബ്സിഡിയും ആണ്. ഈ സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ നടപ്പാക്കിയ പദ്ധതിയിൽ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി നൽകിയതായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതത്തിൽ നിന്ന് അധികമായി ചെലവഴിച്ച സബ്സിഡി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് ചെലവ്(രൂപ) | യൂണിറ്റ് ചെലവിന്റെ 40% (രൂപ) | തദ്ദേശ സ്ഥാപനത്തിൽ നിന്നും നൽകേണ്ട സബ്സിഡി (2/3 Of 40%)(രൂപ) | നൽകിയ സബ്സിഡി (രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|---|---|---|
| 1. | സുലേഖ | 1,26,688/- | 50,675/- | 33,783/- | 35,880/- | 2,097/- |
| 2. | കെ.സി.രാജൻ | 60,492/- | 24,197/- | 16,131/- | 20,311/- | 4,180/- |
| 3. | സുഭദ്രാമ്മ | 90,917/- | 36,367/- | 24,245/- | 28149/- | 3,904/- |
| 4. | ഫത്തഹുദ്ദീൻ | 1,19,954/- | 47,982/- | 31,988/- | 36,800/- | 4,812/- |
| 5. | പി.സുരേഷ് കുമാർ | 1,20,213/- | 48,085/- | 32,057/- | 36,783/- | 4,726/- |
| 6. | ഫസലുദ്ദീൻ | 1,20,666/- | 48,266/- | 32,177/- | 36,800/- | 4,623/- |
| 7. | പ്രേംകുമാർ | 1,20,254/- | 48,102/- | 32,068/- | 36,800/- | 4,732/- |

ഫിഷറീസ് ഇൻസ്പെക്ടർ, പറവൂരിന്റെ നമ്പരോ തീയതിയോ ഇല്ലാത്ത കത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആകെ മൂലധനച്ചെലവാണ് രേഖകളിലുള്ളതെന്നും യൂണിറ്റ് ചെലവ് 1,38,000/-രൂപയിൽ അധികമാകുമെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഇതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 29,074/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫിഷറീസ് വകുപ്പിൽ നിന്ന് നൽകേണ്ട സബ്സിഡി തുക 10,12,24/-രൂപ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ സബ്സിഡി 29,074/-രൂപ ഫിഷറീസ് വകുപ്പ് നൽകേണ്ട സബ്സിഡിയിൽ ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 29,074/-രൂപ
ഓഡിറ്റ് എൻക്വയറി നം – 8/13.9.2021

1-28(II) സുഭിക്ഷ കേരളം - പടുതാകുളത്തിലെ മത്സ്യ കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി സബ്സിഡി അധികം നൽകി.

| | |
|---|---|
| പദ്ധതി | എസ്.379/21-സുഭിക്ഷ കേരളം -പടുതാകുളത്തിലെ മത്സ്യ കൃഷി |
| അടങ്കൽ | 20,91,200/-<br>വികസന ഫണ്ട് - 4,00,000/-<br>ജില്ലാ പഞ്ചായത്ത് ഷെയർ - 1,57,600/-<br>ഗുണഭോക്തൃ വിഹിതം - 15,33,400/- (നേരിട്ട്) |
| ചെലവ് | വികസന ഫണ്ട് - 3,61,610/- (ബിൽ നം.21/26.3.2021) |
| നിർവഹണം | കൃഷി ഓഫീസർ |

സുഭിക്ഷ കേരളം പദ്ധതിയ്ക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1009/2020 /ത.സ്വ.ഭ.വ, 29.5.2020 പ്രകാരം പടുതാകുളത്തിലെ മത്സ്യ കൃഷി പദ്ധതിയിൽ ജനറൽ വിഭാഗത്തിന് യൂണിറ്റ് ചെലവ് 1,23,000/-രൂപയാണ്. ഇതിന്റെ 40% സബ്സിഡി നൽകുന്നു. ഈ സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ പദ്ധതിയിലെ 12 ഗുണഭോക്താക്കളിൽ 9 പേർക്കും മേൽ പരാമർശിത ഉത്തരവിനനുസൃതമായല്ല സബ്സിഡി നൽകിയിരിക്കുന്നത്. ഫിഷറീസ് വകുപ്പിൽ നിന്ന് നൽകേണ്ട സബ്സിഡി തുകയായ 1,05,795/-രൂപയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ 49,662/-രൂപ ക്രമീകരിച്ചും അവശേഷിച്ച തുകയുടെ വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. ഫിഷറീസ് വകുപ്പിൽ നിന്ന് സബ്സിഡി ക്രമീകരിക്കുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ തുക 49,662/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പേര് | യൂണിറ്റ് ചെലവ്(രൂപ) | യൂണിറ്റ് ചെലവിന്റെ 40% (രൂപ) | തദ്ദേശ സ്ഥാപനത്തിൽ നിന്നും നൽകേണ്ട സബ്സിഡി (രൂപ)(2/3 Of 40%) | നൽകിയ സബ്സിഡി (രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|---|---|---|
| 1. | സുനിത്ഷാജൻ | 78,854/- | 31,542/- | 21,028/- | 24,644/- | 3,616/- |
| 2. | റെജി.വി.ദാസ് | 78,208/ | 31,283/- | 20,855/- | 24,640/- | 3,795/- |
| 3. | മനോഷ്കുമാർ | 71,845/- | 28,738/- | 19,159/- | 24,324/- | 5165/- |
| 4. | സുരേഷ് കുമാർ | 1,05,741/- | 42,296/- | 28,197/- | 32,000/- | 3,803/- |
| 5. | എം.വഹീദാ ബീവി | 90,175/- | 36,070/- | 24,047/- | 32,000/- | 7,953/- |
| 6. | സുന്ദരേശൻ | 99,755/- | 39,902/- | 26,601/- | 32,800/- | 6,199/- |
| 7. | ശരത് കുമാർ | 93,600/- | 37,440/- | 24,960/- | 30,150/- | 5,190/- |
| 8. | പൊന്നമ്മ | 85,762/- | 34,305/- | 22,870/- | 32,400/- | 4,530/- |
| 9. | മോഹൻദാസ് | 89,523/- | 35,809/- | 23,873/- | 32,000/- | 8,127/- |
| | | | | | ആകെ | 48,378/- |

ഫിഷറീസ് ഇൻസ്പെക്ടർ, പരവൂരിന്റെ നമ്പരോ തീയതിയോ ഇല്ലാത്ത കത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആകെ മൂലധനച്ചെലവാണ് രേഖകളിലുള്ളതെന്നും യൂണിറ്റ് ചെലവ് 1,23,000/-രൂപയിൽ അധികമാകുമെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഇതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

അതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 48,378/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫിഷറീസ് വകുപ്പിൽ നിന്ന് സബ്സിഡിയിൽ ക്രമീകരണം നടത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 48,378/-രൂപ

ഓഡിറ്റ് എൻക്വയറി നം – 8/13.9.2021

1-29 ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

എസ്.0003/21 - ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം

അടങ്കൽ - 1,76,470/-രൂപ (വികസന ഫണ്ട്)

ചെലവ് - 1,76,470/-രൂപ (ബിൽ നം.22/20-21, 7.9.2020 )

നിർവ്വഹണം – സെക്രട്ടറി

ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/7.9.2021

1-30 എസ്.എസ്.എ തുടർ നിരീക്ഷണമില്ല.

| | |
|---|---|
| പദ്ധതി | എസ്.0011/21- എസ്.എസ്.എ വിഹിതം |
| അടങ്കൽ | 20,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 20,00,000/-രൂപ (ബിൽ നം.9/20-21, 18.6.2020) |
| നിർവ്വഹണം | സെക്രട്ടറി |

2019-20 വർഷം ഈ പദ്ധതിയിൽ എസ്.എസ്.എ യുടെ ആവശ്യകതാ കത്ത് പ്രകാരം മീഡിയാ കമ്മ്യൂണിറ്റി മൊബിലൈസേഷൻ, സ്പെഷ്യൽ ട്രെയിനിംഗ് ഫോർ ഒ.എസ്.സി, ക്വാളിറ്റി കമ്പോണന്റ്സ്, ഇന്നൊവേറ്റീവ് ആക്ടിവിറ്റീസ്, എൽ.ഇ.പി തുടങ്ങി നിരവധി ഇനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും നടപ്പാക്കിയതായുള്ള യാതൊരു രേഖകളോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണ റിപ്പോർട്ടോ, ലഭ്യമായിട്ടില്ല. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്. വർഷാവർഷം എസ്.എസ്.എ യ്ക്ക് തുക നൽകുന്നതല്ലാതെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈമറി സ്കൂളുകളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ നടത്തി എന്നത് സംബന്ധിയായ യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൻമേൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം – 3/7.9.2021

1-31 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ താഴെചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം/തുക (രൂപ) |
|---|---|---|---|---|
| 1 | ജീവനം ഡയാലിസിസ് –<br>ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ, | 50,000/- | 50,000/- | ബിൽ നം.14/20-21, 2.7.2020 |

| | | | | |
|---|---|---|---|---|
| | എസ്.0038/21 | | | |
| 2 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം നൽകൽ, എസ്.0055/21 | 1,00,000/- | 1,00,000/- | ബിൽ നം.12/20-21, 17.6.2020 |

തടസ്സപ്പെടുത്തുന്ന തുക – 1,50,000/-രൂപ

ഓഡിറ്റ് എൻക്വയറി നം.3/ 7.9.2021, 2/6.9.21

1-32 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയോ സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

തൻവർഷം അസി.എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ, രേഖപ്പെടുത്തിയ ആസ്തികളുടെ യൂണീക്ക് ഐഡി നമ്പർ തെറ്റായോ അല്ലെങ്കിൽ '1' എന്നോ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ പരിശോധിച്ച് ആസ്തികൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

ഓഡിറ്റ് അന്വേഷണം നം - 1/06.09.2021

1-33 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ 1558 കുടുംബങ്ങൾക്കായി 1,00,920 മനുഷ്യദിനങ്ങൾ

തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 589 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,79,36,165/-രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ/മേറ്റുമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. പൊതു സ്ഥലങ്ങളിൽ ഫലവൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്ന പ്രോജക്ടുകളിൽ തുടർപരിപാലനം ഉറപ്പ് വരുത്തിയിട്ടില്ല.
6. ഭവന നിർമ്മാണ പ്രവൃത്തികളിൽ വിവിധ സ്റ്റേജുകളായി നടത്തുന്ന പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വി.ഇ.ഒ. യിൽ നിന്നും സാക്ഷ്യപ്പെടുത്തൽ വാങ്ങുന്നില്ല.
7. ലൈഫ് ഭവനം, കിണർ, തൊഴുത്ത് നിർമ്മാണം, കോൺക്രീറ്റ് റോഡ് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.
8. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
9. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
11. സോഷ്യൽ ഓഡിറ്റ് നടത്തുന്നില്ല.
12. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-34 എൽ.എസ്.ജി.ഡി. വിഭാഗം സൂക്ഷിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ

എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എൻജിനീയർ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. കരാറുകാരിൽ നിന്നും സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ ഇ.എം.ഡി തുകകളുടെ അസ്സൽ രസീതുകൾ ഹാജരാക്കിയില്ല.

2019-2020

| ക്രമ നം. | കരാറുകാരന്റെ പേര് | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് രസീതിന്റെ വിവരം |
|---|---|---|---|
| 1. | ശ്രീ. ദീപു ശങ്കർ | കൃഷ്ണൻകുട്ടി ചെട്ടിയാർ വീട്ടുവാതുക്കൽ മുതൽ ഓമന കലാനിവാസ് – റോഡ് കോൺക്രീറ്റ് | ട്രെഷറി രസീത്-ജെ. കെ. 477726/18.10.19 – 18,000/- |
| 2. | ശ്രീ. ദീപു ശങ്കർ | വട്ടവിള ചുവട്ടുതാങ്ങി റോഡിൽ നിന്നും രഘുനാഥൻ വസതി വരെ റോഡ് | ട്രെഷറി രസീത്-ജെ. കെ. 477727/18.10.19 – 13,750/- |
| 3. | ശ്രീ. രാജശേഖരൻ നായർ | മരുപുറത്ത് മുഗൾ വേളമാന്നൂർ റോഡ് കോൺക്രീറ്റ് | ട്രെഷറി രസീത്-ജെ. കെ. 279020/19.10.19 – 8,300/- |
| 4. | ശ്രീ.രാജീവ് കെ.ആർ. | കുന്നത്ത് മുക്ക് മേവനക്കോണം ഏലാ റോഡ് | ട്രെഷറി രസീത്-ജെ. കെ. 477822/28.10.19 – 28,000/- |
| 5. | ശ്രീ.രാജീവ് കെ.ആർ. | കുന്നവിള മുക്ക് കുന്ന പുറത്ത് റോഡ് | ട്രെഷറി രസീത്-ജെ. കെ. 147288/12.07.18 – 12,600/- |
| 6. | ശ്രീ.രാജീവ് കെ.ആർ. | കല്ലുവാതുക്കൽ ചിറക്കര റോഡിൽ വാട്ടർ ടാങ്ക് മാടൻ പൊയ്ക റോഡ് | ട്രെഷറി രസീത്-ജെ. കെ. 477826/28.10.19 – 13,000/- |
| 7. | ശ്രീ.രാജീവ് കെ.ആർ. | മുള്ളിപ്പച്ച മുതൽ കുന്നപുറത്ത് ചാവേർ ക്ഷേത്രം റോഡ് | ട്രെഷറി രസീത്-ജെ. കെ. 477824/28.10.19-(തുക രേഖപ്പെടുത്തിയിട്ടില്ല) |
| 8. | ശ്രീ.രാജേന്ദ്ര പ്രസാദ് | ഗുരുനാഗപ്പൻ കാവ് എസ്. എൻ. വി. ഹൗസ് റോഡ് | ട്രെഷറി രസീത്- ജെ. കെ. 165467/31.10.19- 44,000/- |
| 9. | ശ്രീ.രാജീവ് കെ.ആർ. | റോഡ് വിള ജം. വാവനംവിള ജം. റോഡ് റീടാറിംഗ് | ട്രെഷറി രസീത്-ജെ. കെ. 331018/06.12.19- 13,500/- |
| 10. | ശ്രീ. ദീപു ശങ്കർ | | ട്രെഷറി രസീത്-ജെ. കെ. 331255/7990/20.2.20- 1,500/- |

2020-2021

| ക്രമ നം. | കരാറുകാരന്റെ പേര് | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് രസീതിന്റെ വിവരം |
|---|---|---|---|
| 1. | ശ്രീ.രാജീവ് കെ.ആർ. | വട്ടവിള ഓണാട്ടുവാതുക്കൽ റോഡ് | എസ്. ബി. ഐ.39516167150-18.01.20 – 2,500/-രൂപ |
| 2. | ശ്രീ.രാജീവ് കെ.ആർ. | തെറ്റിക്കുഴിമുക്ക് കുഴിവേലി വാതുക്കൽ റോഡ് | എസ്. ബി. ഐ. 39516168552-17.07.20 – 9,000/-രൂപ |

| | | | |
|---|---|---|---|
| 3. | ശ്രീ.രാജീവ് കെ.ആർ. | കുന്നത്തുർ ചാമുണ്ടി ക്ഷേത്രം റോഡ് | എസ്. ബി. ഐ. 39516167795-18.07.20 – 7,400/-രൂപ |

2. കരാറുകാരിൽ നിന്നും കൈപ്പറ്റിയ ഡെപ്പോസിറ്റ് രസീതുകളുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2019-2020

| ക്രമ നം. | കരാറുകാരന്റെ പേര് | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് രസീതിന്റെ വിവരം |
|---|---|---|---|
| 1. | ശ്രീ. ദീപു ശങ്കർ | തീരോന്തി ക്യാഷ്യു ഫാക്ടറി എഴിപ്പുറം റോഡിൽ ഫാക്ടറിയ്ക്ക് സമീപം കലുങ്ക് മെയിന്റനൻസ് | ലഭ്യമല്ല. |
| 2. | ശ്രീ. ദീപു ശങ്കർ | കായിലമുക്ക് കനാൽ പാലം റോഡ് കോൺക്രീറ്റ് | ലഭ്യമല്ല. |
| 3. | ശ്രീ. ദീപു ശങ്കർ | കൃഷി ഭവൻ ക്രോപ്പ് ഹെൽത്ത് ക്ലിനിക്ക് പ്ലംബിംഗ് | ലഭ്യമല്ല. |

3. ഡെപ്പോസിറ്റുകൾ തിരികെ കൈപ്പറ്റുന്നവരുടെ ഒപ്പ്/തീയതി – അസി.എൻജിനീയറുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഓഫീസ് നവീകരണ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ എൽ.എസ്.ജി.ഡി ഓഫീസ് പൊളിച്ചുമാറ്റിയെന്നും രേഖകളും ഫയലുകളും സൂക്ഷിച്ച അലമാരികൾ പാരിപ്പള്ളി കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് മാറ്റിയതിൽ ഈ രേഖകൾ കണ്ടെത്താൻ ഇതുവരെ സാധിച്ചില്ലെന്നും, വിഷയം 18.12.2020-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. അസ്സൽ രസീതുകൾ നഷ്ടപ്പെട്ടുവെങ്കിൽ ഇവയുടെ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചൂണ്ടിക്കാണിച്ച മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം - 21/ 17.09.2021

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോവിഡ് എഫ്.എൽ.റ്റി.സി ഭൗതികസാഹചര്യം ഒരുക്കൽ.

### (1) ഷിഫ്റ്റിങ്ങിന് വാഹന വാടകയിനത്തിൽ അധികം തുക നല്കി.

ഗ്രാമപഞ്ചായത്തിലെ നടയ്ക്കൽ ഐ.സി.ഡി ബാങ്ക് കോച്ചിംഗ് സെന്ററിലെ ബോയ്സ് ഹോസ്റ്റൽ കെട്ടിടം കോവിഡ് എഫ്.എൽ.റ്റി.സി നടത്തുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം

ഏറ്റെടുത്തിരുന്നു. ടി കെട്ടിടത്തിൽ ഭൌതികസാഹചര്യം ഒരുക്കുന്നതിനായി 10,01,241/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് പരിശോധനയിൽ ടി കെട്ടിടത്തിലെ മുറികളിൽ സൂക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ വസ്ത്രങ്ങൾ, മെത്ത, പുസ്തകങ്ങൾ എന്നിവ കെട്ടിടം നിൽക്കുന്ന കോമ്പൗണ്ടിൽ തന്നെയുള്ളതും 300 മീ (0.3 കി.മി) അകലെയുള്ളതുമായ കെട്ടിടത്തിലേക്ക് കൊണ്ടുപോയി ഇറക്കുന്നതിനായി 14,700/-രൂപയാണ് വാഹനവാടകയിനത്തിൽ ചെലവഴിച്ചത്. വേ ബില്ലുകൾ പരിശോധിച്ചതിൽ 300 മീ അകലെയുള്ള കെട്ടിടത്തിൽ 30 ട്രിപ്പ്, 33 ട്രിപ്പ്, 36 ട്രിപ്പ് എന്നിവ പ്രകാരം സാധനങ്ങൾ ഇറക്കുന്നതിന് 200 കി.മീറ്ററോളം ദൂരം രേഖപ്പെടുത്തി അധികം തുക കൈപ്പറ്റിയതായി കാണുന്നു. കയറ്റിറക്ക് കൂലിയായി 17,800/-രൂപയും ഇന്ധനചെലവായി 19,800/-രൂപയും ചെലവഴിച്ചതിന് പുറമേയാണ് വാഹന വാടകയിനത്തിൽ തുക നൽകിയിരിക്കുന്നത്. ഇന്ധനച്ചെലവും വാഹന വാടകയും അനുവദിച്ചതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | ലോഡ് | രേഖപ്പെടുത്തിയിരിക്കുന്ന ദൂരം<br>വാഹന നമ്പർ<br>കെ.എൽ.02.എ.കെ.1919 | നല്കിയ തുക(കി.മീക്ക് 25/-രൂപ നിരക്കിൽ) | യഥാർത്ഥ ദൂരം | നല്കേണ്ടുന്ന തുക(രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|---|
| 26-7-20 | 30 | 178 കി.മീ | 4,450/- | 18കി.മി(.3*2*30) | 450/- | 4,000/- |
| 27-7-20 | 33 | 202 കി.മീ | 5,050/- | 19.8കി.മീ (.3*2*33) | 495/- | 4,555/- |
| 28-7-20 | 36 | 208 കി.മീ | 5,200/- | 21.6കി.മീ (.3*2*36) | 540/- | 4,660/- |
| | | ആകെ | 14,700/- | | 1,485/- | 13,215/- |

വേ ബില്ലുകളിൽ തുക പാസ്സാക്കാതെയാണ് അനുവദിച്ച് നല്കിയിരിക്കുന്നത്. വളരെ അടുത്തുള്ള കെട്ടിടത്തിൽ സാധനം ഇറക്കുന്നതിന് മേൽ പ്രകാരം ദൂരം സഞ്ചരിച്ചതായി കോവിഡ് പ്രവർത്തനങ്ങളുടെ ചുമതലയുള്ള ക്ലർക്കായ ശ്രീ.അബ്ദുൾ ലത്തീഫ് സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. തെറ്റായ സാക്ഷ്യപ്പെടുത്തൽ നടത്തി അധികമായി അനുവദിച്ച് നല്കിയ 13,215/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 13,215/-രൂപ

ഓഡിറ്റ് എൻക്വയറി നം - 16/15-9-21

(2) ബിൽപ്രകാരമുള്ള തുകയിലും അധികം തുക അനുവദിച്ചു.

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ പെയിന്റിങ്ങിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനായി ചെക്ക് നം. 10208311/11-9-20 പ്രകാരം ഇൻസ്റ്റോക്ക് ബിൽഡിങ്ങ് മെറ്റീരിയൽ എന്ന സ്ഥാപനത്തിന് 54,227/-രൂപ നല്കിയിരുന്നു. എന്നാൽ സ്ഥാപനം ഹാജരാക്കിയ ബില്ലുകൾ പ്രകാരം 46,927/-രൂപയുടെ സാധനങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്.അതിനാൽ സ്ഥാപനത്തിന് അധികമായി അനുവദിച്ച് നല്കിയ 7,300/-രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുന്നത് വരെ അധികം നല്കിയ 7,300/-രൂപ നിരാകരിക്കുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 7,300/-രൂപ

ഓഡിറ്റ് എൻക്വയറി നം - 16/15-9-21

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 12.09.2021 | കെ.എസ്.എ.കെ.എൽ.എം.പി.5/1357/21 തീയതി- 05.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 250000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 260000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 260000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 451197/- | സമഗ്ര നെൽകൃഷി വികസനം | 451197/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 700000/- | ലൈഫ് പദ്ധതി ഫേസ് 3-ഭൂമിവാങ്ങൽ വ്യക്തിഗതം | 700000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 178500/- | സമഗ്ര നെൽകൃഷി വികസനം | 178500/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000/- | കരിഞ്ഞനം കോട് ഏലാ റോഡിൽ നിന്നും കുഴിയവാരം കോളനി റോഡ് സൈഡ് കെട്ടും കോൺക്രീറ്റ് വാർഡ് 9 | 150000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000/- | ഗുൽനാർ കോളനി മുതൽ ഗുരുനാഗപ്പൻ ക്ഷേത്രം റോഡ് കോൺക്രീറ്റ് വാർഡ് 14 | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000/- | ശ്രീധരൻ മാഷ് വീട്ടുവതുക്കൾ മലനട റോഡ് കോൺക്രീറ്റ് വാർഡ് 19 | 150000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | ഡി ജെ യുപിഎസ് സ്കൂൾ മുതൽ ചെന്തിപ്പിൽ ഏലാ ചാലുവാരത്ത് കാട്ടുപുറം റോഡ് കോൺക്രീറ്റിംഗ് | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 225000/- | തേക്കിൻ കാട് കശുവണ്ടി ഫാക്ടറി പൂവത്തൂർ ഏലാ റോഡ് കോൺക്രീറ്റ് വാർഡ് 5 | 225000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1596792/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 1596792/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 40000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 40000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1140000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1140000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 586980/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 586980/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 50000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 650000/- | ലൈഫ് പദ്ധതി ഫേസ് 3-ഭൂമിവാങ്ങൽ വ്യക്തിഗതം എസ് സി പി | 650000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 450347/- | സമഗ്ര നെൽകൃഷി വികസനം | 450347/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1500000/- | ലൈഫ് പദ്ധതി ഫേസ് 3-ഭൂമിവാങ്ങൽ വ്യക്തിഗതം | 1500000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 90000/- | കുടിവെള്ള പദ്ധതി – വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ- വരിഞ്ഞം വാർഡ് | 90000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 57600/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-കുളമട വാർഡ് | 57600/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 393700/- | കുടിവെള്ള പദ്ധതി – വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-പുതിയപാലം വാർഡ് | 393700/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 180000/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ- കോട്ടക്കേറം വാർഡ് | 180000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 108000/- | കുടിവെള്ള പദ്ധതി – വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-കടമ്പാട്ടുകോണം വാർഡ് | 108000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 288000/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-ചാവർകോട് വാർഡ് | 288000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 317250/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-ഇ എസ് എ വാർഡ് | 317250/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 123700/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ-കരിമ്പാലൂർ വാർഡ് | 123700/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 293850/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ നീട്ടൽ- പാമ്പുറം വാർഡ് | 293850/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 67500/- | കുടിവെള്ള പദ്ധതി -വാട്ടർ അതോറട്ടറി പൈപ്പ് ലൈൻ | 67500/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | നീട്ടൽ-കല്ലുവാതുക്കൽ റൌണ്ട് വാർഡ് | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 145500/- | കുടിവെള്ള പദ്ധതി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ വാട്ടർ അതോറട്ടറിയിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ | 145500/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 118371/- | വേളമാനൂർ പുതുശ്ശേരി വാതുക്കൽ നടപ്പാലവും കോൺക്രീറ്റ് വാർഡ് 7 | 118371/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 357700/- | കാവടി പാലം കോട്ടക്കേറം ഏലാ റോഡ് കോൺക്രീറ്റ്, സൈഡ് വാൾ നിർമ്മാണം വാർഡ് 8 | 357700/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 324068/- | ചെറു കാവിൽ വരിഞ്ഞം ഏലാ റോഡ് കോൺക്രീറ്റ് വാർഡ് 1 | 324068/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 244895/- | വിലവൂർ കോണം ഏലാ മുതൽ ഇടതിങ്കൽ വാതുക്കൽ റോഡ് കോൺക്രീറ്റ് വാർഡ് 4 | 244895/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 419507/- | വയലിൽ തൃക്കോവിൽ ക്ഷേത്രം റോഡിൽ നിന്നും പറമ്പു ക്കോണം ഏലാ വഴി കുട്ടാട്ടുകോണം ജം.വരെ റോഡ് കോൺക്രീറ്റ് വാർഡ് 9 | 419507/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 124368/- | പള്ളിമുക്ക് ഹയർ സെക്കണ്ടറി ഏലാ റോഡ് കോൺക്രീറ്റ് വാർഡ് 12 | 124368/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 169545/- | പൊങ്ങറ വിള തോട്ടത്തിൽ ജം. മുതൽ മഠത്തിലഴികത്ത് വാതുക്കൽ വരെ റോഡ് കോൺക്രീറ്റ് വാർഡ് 22 | 169545/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 413690/- | ഗുരുനാഗപ്പൻകാവ് എസ് എൻ വി ഹൌസ് റോഡ് കോൺക്രീറ്റ് വാർഡ് 13 | 413690/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 151986/- | ചമ്പോളി വാതുക്കൽ ഏലാ റോഡ് കോൺക്രീറ്റ് വാർഡ് 22 | 151986/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 162484/- | മാസപ്പടി റോഡ് കോൺക്രീറ്റ് വാർഡ് 15 | 162484/- | 0 |
| ജില്ലാ | 2020-21 | 161821/- | കോലായിൽ സന്തോഷ് ഉമർ | 161821/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വീട്ടുവാതുക്കൽ കോലായിൽ ഏലാ റോഡ് കോൺക്രീറ്റ് വാർഡ് | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1455054/- | കുടിവെള്ള പദ്ധതികൾക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ ജില്ലാപഞ്ചായത്ത് സംയുക്തം | 1455054/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000/- | ചള്ളിൽ പൊയ്കമുക്ക് റോഡിൽ നിന്നും തോപ്പിൽ റോഡ് കോൺക്രീറ്റ് വാർഡ് 20 | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 75700/- | ചാമവിള ആർ എസ് ഭവൻ റോഡ് കോൺക്രീറ്റ് വാർഡ് 20 | 75700/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 72955/- | വരിഞ്ഞം എള്ളുവിള വീട്ടുവാതുക്കൽ മുതൽ ആക്കിലഴികം വീട്ടുവാതുക്കൽ വരെ റോഡ് കോൺക്രീറ്റ് വാർഡ് 23 | 72955/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 163750/- | കല്ലുവാതുക്കൽ മാർക്കറ്റ് പുറകുവശത്ത് കാര്യർ കുളങ്ങര ഏലായിലേക്കുള്ള റോഡ് ബാലൻസ് കോൺക്രീറ്റ് വാർഡ് 23 | 163750/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 260000/- | ലൈഫ് ഭവനനിർമ്മാണം എസ് സി | 260000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1283598/- | ലൈഫ് ഭവനനിർമ്മാണം എസ് സി | 1283598/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000/- | ലൈഫ് ഭവനനിർമ്മാണം ജനറൽ | 300000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 31523/- | സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യകൃഷി | 31523/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 327705/- | ദേവസ്വം ബോർഡ് സ്കൂൾ പള്ളിമുക്ക് റോഡ് കോൺക്രീറ്റ് റീടാറിങ് വാർഡ് 12 | 327705/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 440000/- | ലൈഫ് ഭവന പദ്ധതി പട്ടികജാതി വകുപ്പിൽ നിന്നുള്ള അധിക ലിസ്റ്റ് തുക വകയിരുത്തൽ | 440000/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോ.നം.266 കുടിവെള്ള പദ്ധതി | 22000734, 22000735, 22000736 | 21,71,207/- | 0 | 21,71,207/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 78,60,000/-രൂപ വരവുണ്ട്. 78,60,000/-രൂപയിൽ 76,60,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/18/ തസ്വഭവ തീയതി.13.08.2018 | 78,60,000/- | 6,08,36,485/- | 61,46,353/- | | 6,25,50,132/- |

തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന തുകയും ബാലൻസ് ഷീറ്റും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ബാക്കിയുള്ള തുകയായി ഉൾപ്പെടുത്തിയ തുകയും തമ്മിൽ 11,87,192/-രൂപയുടെ വ്യത്യാസമുണ്ട്. അപാകത 1-2-1 (1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,76,83,001/- |
| തൻവർഷം നിക്ഷേപിച്ച തുക | 15,09,928/- |
| ആകെ | 3,91,92,929/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,91,92,929/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് | 1.12.20 | 1.12.21 | 14,27,666/- | - |

| | | | | | |
|---|---|---|---|---|---|
| 2 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 23.10.20 | 23.10.21 | 2,00,00,000/- | - |
| 3 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി | 1.3.21 | 18.5.22 | 50,00,000/- | - |
| 4 | എസ് ബി ഐ, വേളമാനൂർ | 6.7.21 | 6.7.22 | 10,00,000/- | - |
| 5 | ഫെഡറൽ ബാങ്ക്, കല്ലുവാതുക്കൽ | 18.3.21 | 18.9.22 | 9,90,563/- | - |
| 6 | ഗ്രാമീൺ ബാങ്ക്, കല്ലുവാതുക്കൽ | 13.3.21 | 13.3.22 | 20,00,000/- | - |
| 7 | കാനറ ബാങ്ക് | 8.7.20 | 8.7.21 | 18,00,000/- | |
| ആകെ | | | | 3,22,18,229 /- | |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3.11.7 | നിക്ഷേപ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് |
| 2007-08 | 3-7 | 2010-11 | 5.2.5 | തൊഴിൽ പരിശീലനം തുക തിരിച്ചടവ് | തുക തിരിച്ചടച്ചു |
| 2008-09 | 3-3 | 2011-12 | 2.4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | തുക തിരിച്ചടച്ചു |
| 2015-16 | 2-2 | 2016-17 | 3.13 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി | നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | 3.8 | ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയശേഷം മൂന്ന് നില കെട്ടിടം പണിഉയർത്തി | നിലനിൽക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <*പഞ്ചായത്ത് *> ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1)<br>3-1 (2) | | 13,215/-<br>7,300/- | ശ്രീ.ബിജ്ജു.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3,21,000/- | ശ്രീ.ബിജ്ജു.എസ്, സെക്രട്ടറി |
| 1-21 | 1,13,070/- | ശ്രീമതി.ഷൈലജ.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 50,71,761/- | ശ്രീമതി.സിന്ധു.ആർ, അസ്സിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 2,72,290/- | ശ്രീമതി.സിന്ധു.ആർ, അസ്സിസ്റ്റന്റ് സെക്രട്ടറി |
| 1-28 (I) | 29,074/- | ശ്രീമതി.ധന്യകൃഷ്ണൻ, കൃഷി ഓഫീസർ |
| 1-28 (II) | 49,662/- | ശ്രീമതി.ധന്യകൃഷ്ണൻ, കൃഷി ഓഫീസർ |
| 1-31 | 1,50,000/- | ശ്രീ.ബിജ്ജു.എസ്, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) |
|---|---|
| 1-7-2 | 1,52,200/- |
| 1-7-3 | 8,92,800/- |
| 1-7-4 | 59,500/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക (രൂപ) |
|---|---|
| 1-7-2 | 1,52,200/- |
| 1-7-4 | 59,500/- |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജ്ജു.എസ്, സെക്രട്ടറി | സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | ധന്യ, തഴുത്തല.പി.ഒ, കൊല്ലം |
| ശ്രീമതി.സിന്ധു.ആർ, അസ്സിസ്റ്റന്റ് സെക്രട്ടറി | അസ്സിസ്റ്റന്റ്സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | സൌപർണ്ണിക, വടക്കേവിള, കൊല്ലം |
| ശ്രീമതി.ധന്യ കൃഷ്ണൻ, കൃഷി ഓഫീസർ | കൃഷിഓഫീസർ, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, ആറയിൽ, പകൽക്കുറി.പി.ഒ, പള്ളിക്കൽ |
| ശ്രീമതി.ഷൈലജ.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് ഓഫീസ്, കൊല്ലം അർബൻ - 1 ഐ.സി.ഡി.എസ് സൂപ്പർവൈസർ | വാറുവിള വീട്, പൂതക്കുളം പി.ഒ, 691302 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം-പി 5/413(1)/18, തീ 20.3.18 | 6 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം-പി 5/413(2)/18, തീ 20.3.18 | 4 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം-പി 5/413(3)/18, തീ 20.3.18 | 2 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം-പി 5/413(4)/18, തീ 20.3.18 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം-പി 5/413(5)/18, തീ 20.3.18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം-പി 5/413(6)/18, തീ 20.3.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം-പി 5/413(7)/18, തീ 20.3.18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം-പി 5/413(8)/18, തീ 20.3.18 | 3 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(12)/14, തീ 20.6.14 | 14 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം-പി 1/1237(13)/14, തീ 20.6.14 | 14 |
| 2008-09 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 16 |
| 2009-10 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 14 |
| 2010-11 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ 20.06.14 | 10 |
| 2011-12 | എൽ. എഫ്. ക്യൂ. പി 1/1538/14, തീ 12.8.14 | 11 |
| 2012-13 | എൽ. എഫ്. ക്യൂ. പി 1/496/15, തീ 3.9.15 | 19 |
| 2013-14 & 2014-15 | കെ.എസ്എ.കെ.എൽ.എംപി1/2273/15,തീ 16.10.17 | 31 |
| 2015-16 | കെ.എസ്എ.കെ.എൽ.എം/പി1/218/17തീ 17.1.18 | 27 |
| 2016-17 | കെ.എസ്എ.കെ.എൽ.എം/പി 5/477/18 | 20 |
| 2017-18 | കെ.എസ്എ.കെ.എൽ.എം/പി 5-273/19 തീ. 30.4.19 | 16 |
| 2018-19 | കെ.എസ്എ.കെ.എൽ.എം/പി 5-1413/19 തീ. 01.11.19 | 17 |
| 2019-20 | കെ.എസ്എ.കെ.എൽ.എം/പി 5-1356/2021 തീ. 31.03.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം<br>(Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്